പ്രാദേശിക ഭരണനിർവഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

ഭാഗം 14

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശൂർ, കേരളം
പിൻ കോഡ് – 680 581

മാർച്ച് 2015

പ്രാദേശിക ഭരണനിർവഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

മാർച്ച് 2015

ചീഫ് എഡിറ്റർ
ഡോ. പി.പി. ബാലൻ
ഡയറക്ടർ, കില

എഡിറ്റർ
ഡോ.ജെ.ബി.രാജൻ
കോഴ്സ് ഡയറക്ടർ, കില

അസോസിയേറ്റ് എഡിറ്റർ
വി.ജി. ശശീധരൻ
ഹെൽപ്പ് ഡെസ്ക്, കില

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581, കേരളം
ഫോൺ : 04872207000 (ഓഫീസ്) 04872201312 (ഡയറക്ടർ),
2201312 (ഡപ്യൂട്ടി ഡയറക്ടർ), 2201062 (ഫാക്സ്)
ഇ-മെയിൽ : kilathrissur@gmail.com, mail@kilaonline.org
Website : www.kilaonline.org

ലേ ഔട്ട് & കവർ
രാജേഷ് താണിക്കുടം

അച്ചടി
കോ-ഓപ്പറേറ്റീവ് പ്രസ്സ്,
മുളങ്കുന്നത്തുകാവ്, 2200391, 9895566621

ആമുഖം

വികേന്ദ്രീകൃതആസൂത്രണ പ്രക്രിയ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനത്തിനും അതുപോലെ ജനങ്ങളുടെ ആവശ്യങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിനും കാലാകാലങ്ങളിൽ സർക്കാർ നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചുവരുന്നു. ഇത്തരം ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഉപയോഗത്തിനായി 1 മുതൽ 13 വരെയുള്ള വോള്യങ്ങൾ കില പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രസിദ്ധീകരണം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഏറെ പ്രയോജനപ്രദമാണെന്ന് മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ട 2012 നുശേഷമുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ചുകൊണ്ട് 14 മുതൽ 17 വരെയുള്ള വോള്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിരിക്കുകയാണ്. ഈ പുസ്തകം തദ്ദേശസ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന എല്ലാവർക്കും ഏറെ പ്രയോജനമാകുമെന്ന് പ്രത്യാശിക്കുന്നു.

ഇതിന് മുൻകൈ എടുത്ത കിലയിലെ കോഴ്സ്ഡയറക്ടർ ഡോ.ജെ. ബി. രാജൻ,ഹെൽപ്പ് ഡെസ്ക് കൺവീനർ ശ്രീ. വി.ജി. ശശിധരൻ, കോർഡിനേറ്റർ ശ്രീ. സി. രാധാകൃഷ്ണൻ, കൺസൾട്ടന്റ് ശ്രീ. അലക്സാണ്ടർ എന്നിവർക്കും ഇതുമായി സഹകരിച്ച എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾക്കും എന്റെ പ്രത്യേക അഭിനന്ദനം അറിയിക്കുന്നു.

ഡോ. പി.പി. ബാലൻ
ഡയറക്ടർ

09.06. 2015

1. ജനപ്രതിനിധികൾ				
1.1.1	സ.ഉ. (സാധാ) 69/12 തസ്വഭവ	7.1.2012	നിലവിൽ വാഹനമില്ലാത്ത നഗരസഭ ചെയർപേഴ്സൺമാർക്ക് വാഹനം വാങ്ങുന്നതിനുള്ള അനുമതി	3
1.1.2	നം. 24935/ഇ.എം.1/12/തസ്വഭവ	12.6.2012	തദ്ദേശസ്വയംഭരണ വകുപ്പ് ജനപ്രതിനിധികളുടെ ഔദ്യോഗിക യാത്രാ സ്പഷ്ടീകരണം	4
1.1.3	സ.ഉ.(അ) 175/12 തസ്വഭവ	20.06.2012	കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഹോണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ 2012	6
1.1.4	സ.ഉ.(പി) 186/12 തസ്വഭവ	20.07.2012	കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഹോണറേറിയവും ബത്തുകളും) ഭേദഗതി ചട്ടങ്ങൾ 2012	8
1.1.5	സ.ഉ.(എം.എസ്.) 145/12 തസ്വഭവ	31.05.2012	തസ്വഭവ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുള്ള ഭേദഗതി ഉത്തരവ്	10
1.1.6	സ.ഉ.(സാധാ.) 2528/2012 തസ്വഭവ	06.09.2012	ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി നിശ്ചയിച്ച ഉത്തരവ്	11
1.1.7	സ.ഉ.(സാധാ) 3292/2012 തസ്വഭവ	30.11.2012	ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് ഔദ്യോഗിക വാഹനം ഓടിക്കുന്ന ഡ്രൈവർ അവധിയിലാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള ഉത്തരവ്	12
1.1.8	സ.ഉ.(സാധാ) 129/2013 തസ്വഭവ	18.01.2013	ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ വാഹനം വാസസ്ഥലത്തിന് സമീപമുള്ള സർക്കാർ സ്ഥാപനത്തിൽ പാർക്കുചെയ്യുന്നതിന് അനുമതി നൽകിയ ഉത്തരവ്	13
1.1.9	സ.ഉ.(സാധാ) 915/2013 തസ്വഭവ	05.04.2013	ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ അനുമതി ഉത്തരവ്	14
1.1.10	സ.ഉ.(പി.) 292/2013 തസ്വഭവ	04.09.2013	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പ്രതിമാസ ഹോണറേറിയം 1-4-2013 മുതൽ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ്	15
1.1.11	സ.ഉ.(സാധാ.) 258/2014 തസ്വഭവ	28.01.2014	ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ച ലാപ്ടോപ്പിന്റെ ഉപയോഗത്തിന് ബി.എസ്.എൻ.എൽ. നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള ഉത്തരവ്	17

1.1.12	സർക്കുലർ നമ്പർ 14336/ഇ. എം.1/2014 തസ്വഭവ	22.03.2014	ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റ ചട്ടങ്ങൾ - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്	19
1.1.13	സ.ഉ.(സാധാ) 1174/14 തസ്വഭവ	16.05.2014	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ, ചെയർമാൻ, പ്രസിഡന്റുമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു	20
1.1.14	കൂറുമാറ്റ നിരോധന ആക്ടും ഭേദഗതിയും	16.05.2014	2012 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ ഭേദഗതി ആക്ട്)	21
1.1.15	സ.ഉ. (സാധാ) നം 1368/ 2014/ തസ്വഭവ	02.06.2014	ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് ലഭിക്കുവാൻ അനുമതി നൽകിയ ഉത്തരവ് / നഗരസഭ കോർപ്പറേഷനുകളിലെ മുൻ ജനപ്രതിനിധികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു	23

2. ഓഫീസ് മാനേജ്മെന്റ് (ജീവനക്കാർ)				
2.1.1	G.O(MS) No. 430/2009/Fin	6.10.2009	Pay Revision 2004 - Revision of Scale of Pay - Classification of State Government Employees - Revised Orders Issued	27
2.1.2	Circular No. 85/09/(150)/ Fin	7.10.2009	Pay Rivision 2004 - Modification to Rule 28 A of Part 1 Kerala Service Rule -Fixation of Pay - option - Instruction issued	29
2.1.3	G.O.(P) No. 74/2012/Fin	28.01.2012	Travelling Allowance - Revision of T.A. Ceiling of State Government employees and Restoration of Incidental For Air Journeys - Sanctioned - Ordeers Issued	30
2.1.4	Circular No. 43/12 Fin	24.07.2012	Non Settlement delayed settlement of Advances drawn by Government Officials - Recovery by way of deduction from salary or RR proceedings institutions issued	34
2.1.5	Circular No. 57/2012 Fin	3.10.2012	TA Claims of Gazetted Officers - Defects / Deficencies noticed in Audit Scrutiny - Strict insturcitons Issued - Reg	36
2.1.6	G.O.(P) 54/2012/P & ARD	12.10.2012	P & ARD - Recruitment To Public Services - Orders of Appointment and Joining of Duty - Extension of Joining Time to Person working in private firms on contract basis within Kerala / India Orders Issued	39
2.1.7	Circular No. 18851 ADB/ C.3/2012/P & ARD	22.10.2012	Personnel and Administrative Reforms Department -Reporting of vaccancies that arise due to maternity leave and are likely to continue beyond 6 months to Kerala Public Service Commission Clarification - Instructions Issued	41
2.1.8	G.O.(P) No. 638/2012/Fin	20.11.2012	Kerala Service Rule s - Maximum Number of Speical Casual Leave for Voluntary Blood Donation - Enhanced _ Orders Issued	42
2.1.9	സ.ഉ.(പി)നം 656/2012/ധന	01.02.2012	ധനകാര്യം (വ്യയം ബി) വകുപ്പ് കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII A, അനുബന്ധം XII C എന്നിവ പ്രകാരമുള്ള ശൂന്യ വേതനാവിധി അനുവദിക്കുന്നതിനുള്ള അധികാരം അതാതു വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.	43
2.1.10	G.O.(Rt) 3604/2012LSGD	28.12.2012	Payment of wages to pharmacist/attendant/ Sleepr etc under NRHM Schemes of various Grama Panchayats orders	44
2.1.11	സർക്കുലർ നമ്പർ 21002/ഉ. പി.സി. 3/2012/ഉ.ഭ.പ.വ	1.12.2012	ലഭ്യമായ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്	45

2.1.12	G.O(P) NO. 5/13 P & ARD	6.2.2013	Mutual or inter-departmental transfer from one unit to another in the same department or from one department to another within the same subordinate service - Conditions for granting transfers to government servants other than Last grade Servants -revised orders issued	46
2.1.13	സ.ഉ.(എം.എസ്.) 51/2013 തസ്വഭവ	7.02.2013	തദ്ദേശസ്വയംഭരണ വുകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലർക്കുമാരുടെ തസ്തികയും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു	49
2.1.14	Circular No. 20/2013 - Fin	15.02.2013	Official Journey of Government employees by train - Reembursement of Service tax - Clarification - reg.	52
2.1.15	G.O.(MS) 120/2013/ (138)Fin	4.03.2013	Pay revision 2009 - Re-designation of the post of Lower Division Clerk and Upper Division clerk - Sanctioned - Orders issued	53
2.1.16	G.O.(P) No. 124/2013 Fin	5.03.2013	Kerala Service Rules - Grant of Special Casual Leave to Employees Undergoing Transplantation - Extension of Benefit to Donors - Orders Issued	54
2.1.17	സ.ഉ. (P)145/13/ ധനവകുപ്പ്	30.03.2013	ദിവസേന വേതനാടിസ്ഥാനത്തിലുള്ള ഡ്രൈവർമാരുടെ വേതന നിരക്ക് വർദ്ധിപ്പിച്ച ഉത്തരവ്.	55
2.1.18	G.O(P) No. 197/2013/Fin	30.04.2013	Tour Advance/drawal of Tour advance and delayed refund of unutilized portion/revised orders	56
2.1.19	Circular No. 10885/ ഉപ.C3/2013 ഉഭപവ.	15.06.2013	നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ്	58
2.1.20	G.O.(P) No.209/2013/Fin	07.05.2013	Implimentation of national pension system for state employees/orders	59
2.1.21	സ.ഉ.((MS)) 218/2013 തസ്വഭവ	10.06.2013	ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ച അസി.സെക്രട്ടറിമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ച ഉത്തരവ്	62
2.1.22	G.O.(P) No. 282/2013/Fin	12.06.2013	Proceeding for fixing and enforcing responsibilities losses/leavy of interest Revised Order.	65
2.1.23	Circular No. 52348/AB 3/08 തസ്വഭവ	01.07.2013	ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചുകഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം	67
2.1.24	G.O.(MS) 352/2013/ H&FWD	07.08.2013	Medical Attendance Rules 1960/Verification and Sanction of Re-Imbursement Claims Orders.	68
2.1.25	സ.ഉ.(സാധാ)2086/13 തസ്വഭവ	16.08.2013	ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഏകീകരണ/ശമ്പള നിർണ്ണയത്തിന് അനുവാദം നൽകി ഉത്തരവ്	69

2.1.26	സ. ഉ.(കൈ)287/2013 തസ്വഭവ	24.08.2013	ബ്ലോക്ക് പഞ്ചായത്തുകളിലെ നിലവിലുള്ള 152 യു.ഡി.ക്ലാർക്ക് തസ്തിക Head Account ആയി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ്	71
2.1.27	G.O.(P) No. 447/2013/Fin	09.09.2013	Enhancement of Spl.leave to employees under going Chemotherapy or Radiation - Sanctioned Orders.	73
2.1.28	Circular No.3/2014/Fin	10.01.2014	സ്വയം വിരമിക്കൽ/അർഹതയുള്ള ജീവനക്കാർക്ക് നോട്ടീസ് തിയ്യതിക്കുമുമ്പ് അനുമതി നൽകി ഉത്തരവ്	74
2.1.29	G.O.(P) No. 54/2014/Fin	11.02.2014	State Life Insurance Policy in multiples of 10 and additional Policy orders.	75
2.1.30	സ. ഉ.(സാധാ)457/14 തസ്വഭവ	18.02.2014	സംയോജിത നീർത്തട പരിപാലന പരിപാടി-കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ അവധി-യാത്രാബത്ത സംബന്ധിച്ച ഉത്തരവ്	77
2.1.31	G.O.(Rt) 834/2014/LSGD	21.03.2014	Crediting DA/Pay Revision Arrears of the Employees of Panchayats from their own funds to the Provident fund accounts/Orders	79
2.1.32	Circular No.50787/AB-3/13 തസ്വഭവ	05.05.2014	ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചുകഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ എന്ന സർക്കുലർ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ്	80

2.2 പൊതുഭരണം

2.2.1	സ.ഉ.(സാധാ) 1139/2012 തസ്വഭവ	17.04.2012	സാക്ഷരതാ മിഷൻ പ്രേരക്മാർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തനത്/ പൊതു ഫണ്ടിൽ നിന്നും ഹോണറേറിയം തുടങ്ങിയ ആനുകൂല്യം നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച ഉത്തരവ്	85
2.2.2	സർക്കുലർ-നമ്പർ-ജി3-2240/12 പഞ്ചാ: ഡയറക്ടർ	27.04.2012	ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ വൽക്കരണം -കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സ്പെസിഫി ക്കേഷൻ മാർഗ്ഗരേഖ	86
2.2.3	സർക്കുലർ-നമ്പർ-15760/ EM-1/2012 തസ്വഭവ	16.05.2012	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ	94
2.2.4	സ.ഉ.(സാധാ) 1772/2012 തസ്വഭവ	27.06.2012	ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസി:മാരെ നിയമിക്കുന്നതിനുള്ള അനുമതി	96
2.2.5	സ.ഉ.(സാധാ) 1838/2012 തസ്വഭവ	03.07.2012	പഞ്ചായത്തുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം/വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ച ഉത്തരവ്	99
2.2.6	സ.ഉ.(സാധാ) 1869/2012 തസ്വഭവ	5.07.2012	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം. കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപണി നടത്തുന്നതിന് കെൽട്രോണു മായി കരാറിലേർപ്പെടുന്നതിനുള്ള ഉത്തരവ്	109
2.2.7	സർക്കുലർ-നമ്പർ-43839/ DA-1/2012 തസ്വഭവ	4.08.2012	ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം	111
2.2.8	സ.ഉ(MS) 211/2012 തസ്വഭവ	4.08.2012	റസിഡൻഷ്യ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ലളിതമാക്കിയ ഉത്തരവ്	112
2.2.9	സ.ഉ.(സാധാ)2460/2012 തസ്വഭവ	24.08.2012	ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിമാരുടെ നിയമനം യോഗ്യത സംബന്ധിച്ച് ഉത്തരവ്	114
2.2.10	വിജ്ഞാപനം-നമ്പർ.9239/ ലഗ്ഗ് C-1/2012 നിയമം	25.11.2012	2012ലെ കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ഓർഡിനൻസ്	116
2.2.11	G.O(P) No.56/12/IP&ARD	27.10.2012	Kerala State Right to Service Rules 2012	122
2.2.12	സർക്കുലർ-നമ്പർ-59177/ RA-1/2012 തസ്വഭവ	30.10.2012	തസ്വഭവ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിൽ സർട്ടിഫിക്കറ്റു കളിൽ ഉദ്യോഗസ്ഥരുടെ പേരും - തസ്തികയും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം	128
2.2.13	Notification No: 2201		Kerala Panchayath Raj (AmendmentAct 2013)	130
2.2.14	സ.ഉ(MS)No: 1/2013 തസ്വഭവ	1.01.2013	കേരള സംസ്ഥാന സേവനാവകാശ നിയമം 2012. ഗ്രാമവികസന വകുപ്പിലെ സേവനങ്ങൾ അപ്പീൽ അഴിമതികൾ	146
2.2.15	No: 3/13	1.01.2013	കേരള സംസ്ഥാന സേവനാവകാശ നിയമം 2012. ഗ്രാമവികസന വകുപ്പിലെ സേവനങ്ങൾ സംബന്ധിച്ച ഉത്തരവ്	149
2.2.16	G.O(Rt) No.224/2013 LSGD	29.01.2013	LSGD purchase of Computers from Keltron Orders	160

2.2.17	സ.ഉ.(സാധാ) 223/13 തസ്വഭവ	29.01.2013	പഞ്ചായത്ത് വകുപ്പ്-കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി.	161
2.2.18	സ.ഉ.(സാധാ)301/13 തസ്വഭവ	4.02.2013	തസ്വഭവ സ്ഥാപനങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ	162
2.2.19	നം. 65529/ഡി.സി.3/2012 തസ്വഭവ	12.03.2013	മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ഉത്തരവ്	163
2.2.20	സ.ഉ.(സാധാ) 657/13 തസ്വഭവ	15.03.2013	തസ്വഭവ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന ടെണ്ടറിൽ പങ്കെടുക്കുന്നതിൽ കെൽട്രോണിനെ സെക്യൂരിറ്റി ഡെപ്പോസിറ്റും EMD അടക്കുന്നത് ഒഴിവാക്കിയ ഉത്തരവ്പുതുക്കി നൽകിയ ഉത്തരവ്	164
2.2.21	സ.ഉ.(സാധാ) 722/13 തസ്വഭവ	21.03.2013	എഞ്ചിനീയർമാർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകിയ ഉത്തരവ്	165
2.2.22	സ.ഉ.(സാധാ) 826/13 തസ്വഭവ	27.03.2013	തസ്വഭവ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പുതുക്കി നൽകിയ ഉത്തരവ്	166
2.2.23	സ.ഉ.(ആർ.ടി.)നം 986/13 തസ്വഭവ	11.04.2013	കാലപഴക്കംകൊണ്ട് ഉപയോഗ ശൂന്യമായ യന്ത്രസാമഗ്രികൾ ലേലം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച ഉത്തരവ്	168
2.2.24	സ.ഉ.(എം.എസ്) NO.133/13 തസ്വഭവ	30.03.2013	അംഗീകൃത ഏജൻസികളുടേയും, അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ	169
2.2.25	സ.ഉ.(സാധാ) 950/13 തസ്വഭവ	08.04.2013	ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസി:സേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ്	181
2.2.26	G.O(P) NO. 176/13/FIN	17.04.2013	Group Personal Accident Insurance Scheme/Renewal of the Scheme Modified Orders	183
2.2.27	സ.ഉ.(സാധാ) 1043/13 തസ്വഭവ	18.04.2013	സ്വരാജ് ട്രോഫി നേടുന്ന ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിക്ക് അവാർഡ് നൽകുന്നതിനുള്ള ഉത്തരവ്	184
2.2.28	സ.ഉ.(സാധാ) 1044/13 തസ്വഭവ	19.04.2013	ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ യോഗ്യതയിൽ ഇളവ് അനുവദിച്ചുള്ള ഉത്തരവ്	185
2.2.29	സ.ഉ.(എം.എസ്)152/13 തസ്വഭവ	19.04.2013	ഗ്രാമപഞ്ചായത്തുകളിൽ 864 തസ്തിക സൃഷ്ടിച്ച ഉത്തരവ്	187
2.2.30	സ.ഉ.(സാധാ) 1159/13 തസ്വഭവ	26.04.2013	അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്ന കമ്മറ്റികളുടെ ഉത്തരവ്	199
2.2.31	സ.ഉ.(സാധാ) 1320/13 തസ്വഭവ	18.05.2013	തെരഞ്ഞെടുത്ത പഞ്ചായത്തുകളെ കൈമാറികിട്ടിയ സ്ഥാപനങ്ങളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പാക്കുന്നതിന് അനുമതി നൽകിയ ഉത്തരവ്	200

2.2.32	സ.ഉ.(സാധാ) 1417/13 തസ്വഭവ	31.05.2013	ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പരിശീലനം ഭേദഗതി ചെയ്ത ഉത്തരവ്	202
2.2.33	സ.ഉ.(സാധാ) 1469/13 തസ്വഭവ	05.06.2013	ഗ്രാമപഞ്ചായത്തിലേക്കുള്ള തെരുവു വിളക്കുകളും ഇലക്ട്രിക് സാധനങ്ങളും ക്രൂസ് മുഖേന വാങ്ങാമെന്ന ഉത്തരവ്	203
2.2.34	സ.ഉ.(സാധാ) 1833/13 തസ്വഭവ	11.07.2013	സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനുള്ള അപേക്ഷകളിൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്നതിനുള്ള വിഷയം മേഖല വിദഗ്ദ്ധരെ നിശ്ചയിച്ച ഉത്തരവ്	204
2.2.35	G.O.(MS) 271/13 LSGD	29.07.2013	Istalation of Sign Post showing destination and Road directions etc orders	209
2.2.36	G.O.(Rt) 49/13/SPD	2.08.2013	Direct Pruchase of Diesal Generator Sets manufactured by KEL orders	210
2.2.37	No. 71633/RC3/12/LSGD	4.12.2013	Clarification GO(Rt) 2466/2010/LSGD dated 28-7-2010 - Prevention of cruelty towards stray	212
2.2.38	സ.ഉ.(സാധാ) 2001/13 തസ്വഭവ	31.07.2013	ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുവാനുള്ള ഉത്തരവ്	214
2.2.39	സ.ഉ.(MS) 373/13 തസ്വഭവ	02.02.2013	ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ	216
2.2.40	സർക്കുലർ No. 75419/RA-1/2013 തസ്വഭവ	30.12.2013	തസ്വഭവ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിൽ /സർട്ടിഫിക്കറ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും തസ്തികയുടെ പേരും ഉൾപ്പെടുന്നത് സംബന്ധിച്ച്	227
2.2.41	സ.ഉ.(എം.എസ്.) നം. 23/2014/തസ്വഭവ	29.01.2014	സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനുവേണ്ടിയുള്ള അപേക്ഷ ഫീസ് അടക്കുന്നതിനുള്ള ഉത്തരവ്	229
2.2.42	സർക്കുലർ No. 48544/AB-1/2013 തസ്വഭവ	22.04.2014	തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതിലെ സുരക്ഷാ വീഴ്ചകൾ പരിഹരിക്കുന്നത് സംബന്ധിച്ച്	230
2.2.43	സ.ഉ.(സാധാ) 509/2014/ തസ്വഭവ	22.04.2014	നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ശ്മശാനത്തിലേക്ക് മാറ്റുന്നതിന് ഗ്രാന്റ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ്	233
2.2.44	സ.ഉ.(കൈ) 57/2014/ തസ്വഭവ	19.03.2014	ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹകരണം ഉറപ്പാക്കാനുള്ള ഉത്തരവ്	235
2.2.45	സ.ഉ.(എം.എസ്) 59/2014/ തസ്വഭവ	22.03.2014	അസി.സെക്രട്ടറി തസ്തികകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവ്	237

2.2.46	സർക്കുലർ നം. 7923/ആർ. സി.3/2014	06.06.2014	മണൽകയറ്റികൊണ്ടുപോകുന്ന വാഹനങ്ങൾ മൂലമുണ്ടാകുന്ന സുരക്ഷാപ്രശ്നങ്ങൾക്കുള്ള നിർദ്ദേശങ്ങൾ	239
2.2.47	സർക്കുലർ നം. 25000/ആർ. സി.4/2014	07.06.2014	വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച്	240
2.2.48	സ.ഉ.(സാധാ) 1475/2014/ തസ്വഭവ	10.06.2014	സി&എ.ജി.യുടെ റിപ്പോർട്ട് ന്യൂനത പരിഹാര നടപടി ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ഉത്തരവ്	241
2.2.49	സ.ഉ.(സാധാ) 1771/2014/ തസ്വഭവ	10.07.2014	കേരളോത്സവം 2014 തുക ചെലവഴിക്കുന്നതിനുള്ള ഉത്തരവ്	242
2.2.50	സ.ഉ.(സാധാ) 1807/2014/ തസ്വഭവ	14.07.2014	തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിച്ച സ്പെസിഫിക്കേഷൻ അംഗീകരിച്ച് ഉത്തരവ്	244

ദ. വസ്തു നികുതി				
3.1.1	Court Order W(c) 4682 of 2012	15.03.2012	Building permit in Convervted Land	253
3.1.2	G.O(MS) No. 160/2012/LSGD	11.06.2012	Applicability of the Provision in building Rule or minimum set back/clarification Order	256
3.1.3	സ.ഉ.(കൈ)167/12 തസ്വഭവ	15.06.2012	ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള അനുമതി	257
3.1.4	G.O.(Rt) No. 2640/12/LSGD	19.09.2012	Request of BSNL to exempt from property tax Interim Order in WP(C) 5422/10 dt.3.9.2010 complied with orders issued	260
3.1.5	സ.ഉ.(MS)256/12 തസ്വഭവ	08.10.2012	വീടുകളിൽ ബയോഗ്യാസ്/ബയോ കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ്	262
3.1.6	സർക്കുലർ നമ്പർ 38476/ ആർ.എ.1/2012/തസ്വഭവ	11.10.2012	നിലംനികത്ത് ഭൂമിയിലെ വാസഗൃഹങ്ങൾക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്	263
3.1.7	വിജ്ഞാപനം 24831/ലെഗ്സ് C1/12 നിയമം	25.11.2012	2012ലെ പഞ്ചായത്ത് രാജ് 3-ാം ഭേദഗതി ഓർഡിനൻസ്	265
3.1.8	സർക്കുലർ C3/23677/12 തസ്വഭവ	4.12 .2012	കെട്ടിട നിർമ്മാണം കംപ്ലീഷൻ പ്ലാനും, ഒക്യുപ്പൻസി സർട്ടിഫിക്കറ്റും വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം	268
3.1.9	സ.ഉ.(പി)88/13 തസ്വഭവ	13.03.2013	കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ ഭേദഗതി	269
3.1.10	സ.ഉ.(അ)100/13 തസ്വഭവ	15.03.2013	കേരള മുൻസിപ്പാലിറ്റി ആക്ട് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ ഭേദഗതി	305
3.1.11	സ.ഉ.(സാധ)725/13 തസ്വഭവ	21.03.2013	വസ്തുനികുതി കുടിശ്ശിഖ തീർപ്പാക്കൽ/ പിഴപലിശ ഒഴിവാക്കി ഉത്തരവ്	342
3.1.12	സ.ഉ.(എം.എസ്)210/13 തസ്വഭവ	04.06.2013	ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്ക്കരണം/സ്പഷ്ടീകരണ ഉത്തരവ്	343
3.1.13	സ.ഉ.(എം.എസ്)242/13 തസ്വഭവ	02.07.2013	വസ്തുനികുതി-വിമുക്ത ഭടന്മാർ/അവരുടെ ഭാര്യമാർ/വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ എന്നിവരുടെ വീട്ടുകരം ഒഴിവാക്കിയതിന് സ്പഷ്ടീകരണം	345
3.1.14	സർക്കുലർ നം:C3/6865/11 പഞ്ചായത്ത് ഡയറക്ടർ	08.07.2013	വസ്തുനികുതി പരിഷ്ക്കരണം തുടർനടപടികളുടെ സമയക്രമം പുനക്രമീകരിച്ചത്	348
3.1.15	സ.ഉ.(എം.എസ്)106/14 തസ്വഭവ	09.06.2014	കെട്ടിടനികുതി, കുടിശ്ശിക വരുത്തിയവർക്ക് പിഴപലിശ ഒഴിവാക്കി ഒറ്റ തവണ തീർപ്പിക്കുന്നതിനുള്ള ഉത്തരവ്	353
3.1.16	G.O (Rt) No. 707/2014/ LSGD	07.03.2014	Judgement dated 4-7-2013 in WP(C) No. 15374/2013 filed by indus towers limited - order	354

3.2 തൊഴിൽ നികുതി - ഇല്ല				
3.3. വിനോദ നികുതി				
3.3.1	Notification No. 7828/ LEGC1/2012/Law	25.11.2012	Kerala Local Authorities entertainment tax amendment ordinance 2012	359
3.3.2	G.O(MS) 15/13/LSGD	15.01.2013	ET.Amendment - Collection of Cess for the purpose of Kerala Culture Activities Welfare Fund-Notification	364
3.3.3	G.O.(P) 9902/RD3/13 LSGD	14.05.2013	Collection of Cess on Cinema Tickets Under S.3C(10 of the Kerala Local Activities Entertainment Tax- Instructions.	366
3.4 പരസ്യനികുതി				
3.4.1	സ.ഉ. (സാധാ) നം 1463/ 2014/തസ്വഭവ	10.06.2014	ഷീ ടാക്സി വാഹനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന പരസ്യനികുതിയിൽ നിന്ന് ഒഴിവാക്കിയ ഉത്തരവ്	369

4 ലൈസൻസ്				
4.1.1	No: 48718/E1/06/LSGD	31-1-2007	Kerala individual single window clearance board /issue of Building permit regarding	373
4.1.2	Circular No. 1173DB2/09/ LSGD	17-09-2009	Unautherised slaughter house and sloughting meet wending stalls guidelines.	375
4.1.3	Circular No: 25533/DB2/ 12/തസ്വഭവ	26-4-2012	മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗർഭമുള്ള പശുക്കളെ കൊല്ലാൻ പാടില്ലെന്ന നിർദ്ദേശം	380
4.1.4	സർക്കുലർ: 72862/RD3/ 2011/തസ്വഭവ	3-05-2012	പാൻമസാല തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ ലഹരിവസ്തുക്കളുടെ വില്പന നിയന്ത്രിക്കാൻ 2011ലെ സർക്കുലർ പിൻവലിക്കുന്നത് സംബന്ധിച്ച്.	381
4.1.5	സ.ഉ (സാധ) 1561/2012/ തസ്വഭവ.	7-06-2012	ഗ്രാമ പഞ്ചായത്തിലെ അറവുശാല നിർമ്മാണം/ 2012-13 -ലെ വാർഷിക പദ്ധതിക്ക് ഭരണാനുമതി.	382
4.1.6	Circular No.37878/RD3/ 2013/ LSGD	14-06-2013	Ban of illicit tubacco Advirtisement at all public place inthe state/Instructions.	383
4.1.7	സ.ഉ(അ) 101/12 തസ്വഭവ	13-04- 2012	കേരള പഞ്ചായത്തിരാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക്) നൽകൽ ചട്ടങ്ങൾ 2012.	384
4.1.8	സ.ഉ(അ) 184/12 തസ്വഭവ.	2.7.2012	2012ലെ കേരള പഞ്ചായത്തിരാജ് (വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ.	400
4.1.9	Circular No.66562/RC3/ 2012 LSGD	10.01.2013	Issuing D&O licence after inspection report from the Junior Heath inspector/instruction.	402
4.1.10	സ.ഉ(സാധ)540/13 തസ്വഭവ.	2.03.2013	മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് വനം വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങണമെന്ന വ്യവസ്ഥ ഒഴിവാക്കിയ ഉത്തരവ്.	403
4.1.11	Go(ms) No. 341/13/AD	6.12.2013	Modernisation of existing sloughter house and imposing of restriction on sloughty house functioning action plan order.	404
4.1.12	Go(Rt) NO. 3123/13/ LSGD	20.12.2013	Regulation for cattle marketing kerala for Ensuring health screening of cattle	407
4.1.13	സ.ഉ.(സാധ)375/14തസ്വഭവ	11.2.2014	ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മററു ഫാക്ടറികൾക്കും ലൈസ ൻസ് നൽകൽ കാലാവധി നീട്ടിയ ഉത്തരവ്.	413
4.1.14	Go(ms)2/2014/Envt	21.2.2014	Maining & quaring of minor minerals for construction integration of environmental safeguards orders	414
4.1.15	സ.ഉ(സാധ) 553/2014 തസ്വഭവ	26.2.2014	മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസു പുതുക്കി നൽകുമ്പോൾ പലിശയും പിഴവുകളും ഒഴിവാക്കിയ ഉത്തരവ്	419
4.1.16	സ.ഉ(സാധ) 615/14 തസ്വഭവ	1.03.2014	എല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള പൊതു ശ്മശാനം നിർമ്മിക്കുന്നത് ഭരണാനുമതി നൽകിയ ഉത്തരവ്.	420
4.1.17	G.O.(MS) 5/2014Envt	17.5.2014	മാസത്തിൽ 1000 പേഷ്യന്റിനേക്കാൾ കുറവുള്ള ദന്തൽ ക്ലിനിക്കിൽ രജിസ്ട്രേഷൻ	422

ജനപ്രതിനിധികൾ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നിലവിൽ വാഹനമില്ലാത്ത നഗരസഭാ ചെയർപേഴ്സൺമാർക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം: 69/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 7/01/2012

പരാമർശം:- 1. സ.ഉ (എം.എസ്) നം.86/06/തസ്വഭവ തീയതി: 31/3/2006.

2. 14/12/11-ൽ നടന്ന് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 1.30 നമ്പർ തീരുമാനം.

ഉത്തരവ്

പരാമർശം (2)-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.30-ാം നമ്പർ തീരുമാനപ്രകാരം നിലവിൽ ഔദ്യോഗിക വാഹനം ഇല്ലാത്ത നഗരസഭാ ചെയർപേഴ്സൺമാരുടെ ഉപയോഗത്തിനായി 8,00,000/- (എട്ടു ലക്ഷം) രൂപയിൽ അധികരിക്കാത്ത തുക വാഹനം വാങ്ങുന്നതിന് ചെലവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

അഡീഷണൽ സെക്രട്ടറി

1. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി/ചെയർമാൻ, എല്ലാ മുനിസിപ്പാലിറ്റികളും (നഗരകാര്യ ഡയറക്ടർ മുഖേന)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 24935/ഇഎം1/12/തസ്വഭവ തിരുവനന്തപുരം, തീയതി: 12.6.2012.

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഔദ്യോഗിക യാത്ര - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:- 18/09/2009 -ലെ 39677/ഇഎം2/09/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സെക്രട്ടറിമാർ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്കു വേണ്ടിയും ഔദ്യോഗിക ആവശ്യങ്ങൾക്ക് എന്ന പേരിലും പ്രത്യേകമായോ പഠനസംഘങ്ങളായോ സംസ്ഥാനത്തിനകത്തും പുറത്തും ഔദ്യോഗിക യാത്രകൾ നടത്തുന്നതായും അതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുന്നതായും കണ്ടുവരുന്നു. ഇത്തരം യാത്രകൾ അനുവദനീയമല്ലായെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി പഞ്ചായത്ത്/നഗരസഭ ഫണ്ടുപയോഗിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ഔദ്യോഗികയാത്രകൾ നടത്താൻ പാടുള്ളതല്ല എന്നും നിർദ്ദേശിക്കുന്നു.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന ഔദ്യോഗിക യാത്രകൾ, 1995 -ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 8(3) പ്രകാരവും സമാനമായ 95 -ലെ മുൻസിപ്പൽ ചട്ടങ്ങളിലെ ചട്ടം 7 പ്രകാരവും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ജനപ്രതിനിധികൾക്കു പുറമെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥരെന്ന നിലയിൽ സെക്രട്ടറിമാരും, മറ്റുദ്യോഗസ്ഥരും പഠനയാത്രാ സംഘങ്ങളിലും അല്ലാതെയും ക്ഷണമില്ലാതെ ഇത്തരം ഔദ്യോഗിക യാത്രകളിൽ പങ്കാളികളാകുന്നത് അഭികാമ്യമല്ല. ആയതിനാൽ അവശ്യ സാഹചര്യങ്ങളിൽ മാത്രം

മുൻകൂർ സർക്കാർ അനുമതിയോടെ സെക്രട്ടറിമാർക്കും മറ്റുദ്യോഗസ്ഥർക്കും അവരവർക്ക് അർഹതപ്പെട്ട ക്ലാസ്സിലും മാധ്യമത്തിലും യാത്ര ചെയ്യാവുന്നതാണ്. സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന യാത്രകൾ സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന ക്ഷണക്കത്തിൻെറ അഥവാ അറിയിപ്പിൻെറ അടിസ്ഥാനത്തിൽ ക്ഷണം ലഭിച്ച ജനപ്രതിനിധികളോ, ഉദ്യോഗസ്ഥരോ മാത്രം സർക്കാർ അനുമതിയോടെ പങ്കെടുക്കേണ്ടതാണെന്നും, അപ്രകാരമുള്ള അറിയിപ്പിൻെറ അടിസ്ഥാനത്തില്ലാതെയുള്ള യാത്രകൾക്ക് അനുമതി നൽകുന്നതല്ലായെന്നും ഇത്തരത്തിലുള്ള ആവശ്യങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കരുതെന്നും എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും അറിയിക്കുന്നു.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ നഗരസഭാ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ / അസിസ്റ്റൻറ് ഡെവലപ്മെൻറ് കമ്മീഷണർമാർ / നഗര കാര്യ റീജിയണൽ ജോയിൻറ് ഡയറക്ടർമാർ(വകുപ്പ് തലവൻമാർ മുഖേന)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ, 2012

(2012 ജൂലൈ 9-ാം തീയതിയിലെ കേരള ഗസറ്റ് പ്രസാധാരണം നം. 1447-ൽ പ്രസിദ്ധപ്പെടുത്തിയത്.)

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അ) നമ്പർ 175/2012/തസ്വഭവ. *തിരുവനന്തപുരം, 2012 ജൂൺ 22.*

എസ്. ആർ. ഒ. നമ്പർ 496/2012.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 160-ാം വകുപ്പ് 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1995 ഡിസംബർ 12-ാം തീയതിയിലെ ജി. ഒ. (എം എസ്.) നമ്പർ 299/95/ത.ഭ.വ. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും, 1995 ഡിസംബർ 12-ാം തീയതിയിലെ 1244-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1478/95 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1995-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ 2007 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2012 പഞ്ചായത്ത്രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതികൾ.—1995-ലെ കേരള പഞ്ചായത്ത്രാജ് (ജന പ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ,

(1) 3ബി ചട്ടത്തിനുപകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്,—

"3ബി അവധിയിലായിരിക്കുന്ന ജനപ്രതിനിധികളുടെ ഓണറേറിയത്തിനുള്ള അർഹത.—ആറ് മാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു അംഗത്തിന് പഞ്ചായത്ത് അനുവാദം നൽകുന്ന സംഗതിയിൽ, അപ്രകാരം അനുവദിക്കപ്പെടുന്ന കാലയളവ് അവധിയായി പരിഗണിക്കേണ്ടതും അപ്രകാരം അവധിയിലായിരിക്കുന്ന കാലത്തേക്ക്, പ്രസ്തുത അംഗത്തിന് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്ന വ്യക്തിയുമാകുന്നു:

എന്നാൽ, പ്രസവ സംബന്ധമായ ആവശ്യങ്ങൾക്ക് അവധിയിലായിരിക്കുന്ന ഒരു വനിതാ അംഗത്തിന് പ്രസ്തുത കാലയളവിലേക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്."

(2) 4-ാം ചട്ടത്തിൽ "ആയിരം രൂപ" എന്നീ വാക്കുകൾക്കുപകരം "ആയിരത്തിഅഞ്ഞൂറു രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 8-ാം ചട്ടത്തിന്റെ (4)-ാം ഉപചട്ടത്തിനു കീഴിലുള്ള ക്ലിപ്തനിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ, 2012

(2012 ജൂലൈ 12-ാം തീയതിയിലെ കേരള ഗസറ്റ് അസാധാരണം നം. 1498-ൽ പ്രസിദ്ധപ്പെടുത്തിയത്.)

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 186/2012/തസ്വഭവ. തിരുവനന്തപുരം, 2012 ജൂലൈ 2.

എസ്. ആർ. ഒ. നമ്പർ 507/2012.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 160-ാം വകുപ്പും 254-ാം വകുപ്പും ചേർത്തു വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1995 ഡിസംബർ 12-ാം തീയതിയിലെ സ. ഉ. (എംഎസ്.) നമ്പർ 299/95/ത. ഭ.വ. വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1995 ഡിസംബർ 12-ാം തീയതിയിലെ 1244-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1478/95 ആയി പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള പഞ്ചായത്ത്രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2012 [illegible] പഞ്ചായത്ത്രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) [illegible] ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതികൾ.—1995-ലെ കേരള പഞ്ചായത്ത്രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ,-

(1) 3ബി ചട്ടത്തിനുപകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"3ബി അവധിയിലായിരിക്കുന്ന ജനപ്രതിനിധികളുടെ ഓണറേറിയത്തിനുള്ള അർഹത.—ആറ് മാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു അംഗത്തിന് പഞ്ചായത്ത് അനുവാദം നൽകുന്ന സംഗതിയിൽ, അപ്രകാരം അനുവദിക്കപ്പെടുന്ന കാലയളവ് അവധിയായി പരിഗണിക്കേണ്ടതും അപ്രകാരം അവധിയിലായിരിക്കുന്ന കാലത്തേക്ക്, പ്രസ്തുത അംഗത്തിന് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു:

എന്നാൽ, പ്രസവ സംബന്ധമായ ആവശ്യങ്ങൾക്ക് അവധിയിലായിരിക്കുന്ന ഒരു വനിതാ അംഗത്തിന് പ്രസ്തുത കാലയളവിലേക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്."

(2) 4-ാം ചട്ടത്തിൽ "ആയിരം രൂപ" എന്നീ വാക്കുകൾക്കുപകരം "ആയിരത്തി ഇരുനൂറു രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 8-ാം ചട്ടത്തിന്റെ (4)-ാം ഉപചട്ടത്തിനു കീഴിലുള്ള ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗികാവശ്യങ്ങൾക്കായി വാഹനം വാങ്ങുന്നതിന് ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(എം.എസ്)നം.145/12/തസ്വഭവ തിരുവനന്തപുരം, തീയതി 31.05.12

പരാമർശം:-(1)29.12.11-ലെ സ.ഉ(എം.എസ്)327/11/തസ്വഭവ നമ്പർ ഉത്തരവ്.
(2)16.02.12-ലെ സ.ഉ(എം.എസ്)38/12/തസ്വഭവ
(3)23.05.12-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.42 നമ്പർ തീരുമാനം.

ഉത്തരവ്

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗികാവശ്യത്തിന് വാഹനം വാങ്ങുന്നതിന് എട്ട് ലക്ഷം രൂപയിൽ അധികരിക്കാത്ത തുക മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്ന നിബന്ധനയിൽ റേറ്റ് കോൺട്രാക്ട് ബാധകമാക്കാതെ ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം: 2528/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 6/9/2012

പരാമർശം:- 1. 29/12/11 തീയതിയിലെ സ.ഉ (എം.എസ്) 327/2011/തസ്വഭവ നമ്പർ ഉത്തരവ്.

2. 7/1/12 തീയതിയിലെ സ.ഉ (സാധാ) 69/12/തസ്വഭവ നമ്പർ ഉത്തരവ്

3. 1/3/12 തീയതിയിലെ സ.ഉ (സാധാ)637/12/തസ്വഭവ നമ്പർ ഉത്തരവ്

4. 1/8/12 തീയതിയിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.8-ാം നമ്പർ തീരുമാനം.

ഉത്തരവ്

ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10 (പത്ത് ലക്ഷം) ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം സർക്കാർ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും /സെക്രട്ടറിമാർക്കും
7. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം- ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനം ഓടിക്കുന്ന സ്ഥിരം ഡ്രൈവർമാർ അവധിയിലാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ)നം.3292/2012/ത.സ്വ.ഭ.വ **തീയതി, തിരുവനന്തപുരം,30.11.2012.**

പരാമർശം:- 1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ പ്രസിഡന്റ് 29.06.2012 ൽ സമർപ്പിച്ച നിവേദനം.

2) 31.10.2012 ൽ ചേർന്ന വികേന്ദ്രീകാസൂത്രണ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 3.6 നമ്പർ തീരുമാനം.

ഉത്തരവ്

ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനത്തിൽ ഡ്രൈവർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 2 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനം ഓടിക്കുന്ന സ്ഥിരം ഡ്രൈവർമാർ അവധിയിലാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.പി.ശ്രീകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ വാഹനം വാസസ്ഥലത്തിന് സമീപമുള്ള സർക്കാർ സ്ഥാപനത്തിൽ പാർക്ക് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 129/13/തസ്വഭവ തിരുവനന്തപുരം, തീയതി. 18.01. 2013

പരാമർശം:-(1)1.3.12 തീയതിയിലെ സ.ഉ(സാധ)നം.637/2012/തസ്വഭവ നമ്പർ ഉത്തരവ്

(2) 4.12.12 തീയതിയിലെ 3.15-ാം നമ്പർ കോ-ഓർഡിനേഷൻ തീരുമാനം.

ഉത്തരവ്

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ ഔദ്യോഗിക ഉപയോഗത്തിനായി ഒരു വാഹനം വാങ്ങുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ വാഹനം ഓഫീസ് ആവശ്യത്തിനു ശേഷം ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് പാർക്ക് ചെയ്യണമെന്ന വ്യവസ്ഥ ജില്ലാ ആസ്ഥാനത്തിനു ദൂരെ താമസിക്കുന്ന വൈസ് പ്രസിഡന്റുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ വാസസ്ഥലത്തിന് സമീപത്തുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള പഞ്ചായത്ത് ഓഫീസുകളിലോ ജില്ലാ പഞ്ചായത്ത് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്കൂളുകളിലോ സ്ഥാപനങ്ങളിലോ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റുമാരുടെ വാഹനം, വാഹനത്തിന് കേടുപാടുകൾ ഉണ്ടാകില്ലെന്ന ഉറപ്പിലും, സ്വന്തം റിസ്കിലും വാസസ്ഥലത്തിന് സമീപമുള്ള സർക്കാർ സ്ഥാപനങ്ങളിൽ പാർക്ക് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
3. സെക്രട്ടറി/വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം.915/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 05.04.2013.

പരാമർശം:- ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ കത്ത്.

ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലും ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ ആയ സാഹചര്യത്തിലും, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിലോ ജനറൽ പർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റു മാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, മലപ്പുറം ജില്ല
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01/04/2013 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

ജി.ഒ. (അച്ചടി) നം.292/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 04.09.2013

പരാമർശം: ജി.ഒ.(അച്ചടി) നം 260/11/ തസ്വഭവ തീയതി, 20.10.2011

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം പരാമർശത്തിലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01/04/2013 മുതൽ പ്രാബല്യത്തോടെ താഴെപറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓണറേറിയം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	നിലവിലുള്ള ഓണറേറിയം (രൂപ)	വർദ്ധിപ്പിച്ച നിരക്ക് (രൂപ)	വർദ്ധന (രൂപ)
1	2	3	4
ജില്ലാ പഞ്ചായത്ത്			
പ്രസിഡന്റ്	6900	7900	1000
വൈസ് പ്രസിഡന്റ്	5600	6600	1000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	3700	4700	1000
അംഗങ്ങൾ	3400	4400	1000
ബ്ലോക്ക് പഞ്ചായത്ത്			
പ്രസിഡന്റ്	6300	7300	1000
വൈസ് പ്രസിഡന്റ്	5000	6000	1000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	3400	4400	1000
അംഗങ്ങൾ	2800	3800	1000

5600	6600	1000
4300	5300	1000
3100	4100	1000
2500	3500	1000
6900	7900	1000
5600	6600	1000
3700	4700	1000
3100	4100	1000
6300	7300	1000
5000	6000	1000
3400	4400	1000
2800	3800	1000

ർപ്പറേഷൻ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് നൽ
ധ്യത അവയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും,
ത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ജനറൽപർപ്പസ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ഷാഹുൽ ഹമീദ്
ഡെപ്യൂട്ടി സെക്രട്ടറി.

ള, തിരുവനന്തപുരം.
പുരം.

നന്തപുരം.

ക്രട്ടറിമാർക്കും.
സെക്രട്ടറിമാർക്കും.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് ബി.എസ്.എൻ.എൽ ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.സി) വകുപ്പ്

സ.ഉ. (സാധാ) നം.258/2014/തസ്വഭവ. തിരുവനന്തപുരം, തിയതി, 28.01.2014.

പരാമർശം:- 1. 05.4.2013 ലെ സ.ഉ.(സാധാ) നം.915/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 04.07.2013 ലെ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 30.11.2013 ലെ ജെ 3-37845/13 നമ്പർ കത്ത്.

ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലും ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ ആയ സാഹചര്യത്തിലും, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിലോ ജനറൽ പർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് നെറ്റ്കണക്ടർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി പരാമർശം (2) കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിനായി ബി.എസ്.എൻ.എൽ.ന്റെ വയർലെസ് ഇന്റർനെറ്റ് സംവിധാനം അനുവദിക്കുന്നത് ഉചിതമാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) കത്തിലൂടെ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക്

വിധേയമായി ബി.എസ്.എൻ.എൽ ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പഞ്ചായത്ത് ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറും ബി.എസ്.എൻ.എൽ അധികൃതരുമായി ചർച്ച ചെയ്ത് 500/- രൂപയിൽ താഴെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഒരു സ്കീം തെരഞ്ഞെടുക്കേണ്ടതാണ്.
- നിശ്ചയിക്കപ്പെടുന്ന സ്ലാബിൽ ഗ്രാമപഞ്ചായത്തുകളെ തനത് ഫണ്ട് വിനിയോഗിച്ച് അംഗങ്ങളാകാൻ അനുവദിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

നം.14336/ഇ.എം.1/ 2014/തസ്വഭവ തിരുവനന്തപുരം, തീയതി: 22.03.2014

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും ചട്ടങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

കേരളാ പഞ്ചായത്ത രാജ് നിയമത്തിലെ 185(എ), സമാനമായ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 229(എ) വകുപ്പുകൾ പ്രകാരം, പഞ്ചായത്തിന്റേയോ/നഗരസഭയുടേയോ നിയന്ത്രണത്തിൻ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടേയും, ജീവനക്കാരുടേയും, അവർ കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളിൽ ഉപദേശം നൽകുന്നതിനുള്ള അവകാശവും തൊഴിൽപരമായ സ്വാതന്ത്ര്യവും നിയമപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതിലേക്കായി പെരുമാറ്റച്ചട്ടം ഉണ്ടാക്കുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, സർക്കാർ കേരളാ പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധം) ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള അധികാര വിനിയോഗവും കർത്തവ്യ നിർവ്വഹണവും പെരുമാറ്റമര്യാദയും സംബന്ധിച്ച് മേൽ ചട്ടങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എങ്കിലും പലപ്പോഴും ഇവ ലംഘിക്കപ്പെടുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ കേരളാ പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധം) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു തിരഞ്ഞെടുക്കപ്പെട്ട അധികാരി/ ഉദ്യോഗസ്ഥൻ പെരുമാറ്റച്ചട്ടം ലംഘിച്ചതായുള്ള ഏതൊരു പരാതിയും കേരളാ പഞ്ചായത്ത് രാജ് നിയമം 185(എ) വകുപ്പ് 4ാം ഉപവകുപ്പ്/കേരള മുനിസിപ്പാലിറ്റി നിയമം 229(എ) വകുപ്പ് 4ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാനു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ ചെയർമാൻ/ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ. ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1174/2014/തസ്വഭവ. തിരുവനന്തപുരം, തിയതി, 16.05.2014.

പരാമർശം:- 1. 05.04.2013 ലെ സ.ഉ.(കൈ) നം.915/13/തസ്വഭവ.
2) 28.01.2014 ലെ സ.ഉ.(സാധാ) നം.258/14/തസ്വഭവ.
3) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തീയതി വയ്ക്കാത്ത പി4/3063/2013/റ്റി.ഡി.പി നമ്പർ കത്ത്.
4) കില ഡയറക്ടറുടെ 16.05.2013 ലെ കില/ടി.പി (ബി) -357/2013 നമ്പർ കത്ത്.
5) ഗ്രാമവികസന കമ്മീഷണറുടെ 24.07.2013 ലെ 11587/ഡി.പി4/13/സി.ആർ.ഡി നമ്പർ കത്ത്.
6) നഗരകാര്യ ഡയറക്ടറുടെ 27.08.2013 ലെ ജി3/5784/13 നമ്പർ കത്ത്.
7) പഞ്ചായത്ത് ഡയറക്ടറുടെ 15.03.2014 ലെ ജെ3-37845/13 നമ്പർ കത്ത്.

ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലും ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ ആയ സാഹചര്യത്തിലും, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിലോ ജനറൽ പർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി നെറ്റ്കണക്ടർ വാങ്ങുന്നതിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും ലാപ്ടോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി നിവേദനങ്ങളും ശുപാർശകളും സർക്കാരിൽ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ അതേ മാതൃകയിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രസിഡന്റ്/ ചെയർമാൻ/ മേയർ/സെക്രട്ടറി എന്നിവർക്ക് ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് നെറ്റ് കണക്ടർ വാങ്ങുന്നതിനും BSNL ന്റെ 500 രൂപയിൽ താഴെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഒരു സ്കീം ഇതിനായി തെരഞ്ഞെടുക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ. കൃപാനന്ദൻ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ നഗരസഭാ മേയർ/ ചെയർമാൻ/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2013-ലെ 6-ാം ആക്റ്റ്

2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ആക്റ്റ്

1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാകുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിലെ (1999-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (iv)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ivഎ) "രേഖാമൂലമായ നിർദ്ദേശം" എന്നാൽ ഒരു രാഷ്ട്രീയ കക്ഷിയിൽപ്പെട്ടതോ ഒരു രാഷ്ട്രീയ കക്ഷിയുടെ പിന്തുണയുള്ളതോ ആയ ഒരംഗത്തിന്, പ്രസ്തുത രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയകക്ഷി അധികാരപ്പെടുത്തിയ ആൾ, അനുകൂലമായോ പ്രതികൂലമായോ വോട്ട് രേഖപ്പെടുത്തുന്നതിനോ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുന്നതിനോവേണ്ടി തീയതി വച്ച് ഒപ്പിട്ട് രേഖാമൂലം നൽകുന്ന നിർദ്ദേശം എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(എ) നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ബന്ധങ്ങളുടെ ആവശ്യത്തിലേക്കായി നൽകപ്പെടുന്ന രേഖാമൂലമായ നിർദ്ദേശം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബന്ധപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതും അങ്ങനെയുള്ള രേഖാമൂലമായ നിർദ്ദേശത്തിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

(3) ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയോ അഥവാ സഖ്യമോ (2)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ അംഗമോ തമ്മിൽ ഈ വകുപ്പിൻകീഴിൽ നൽകപ്പെടുന്ന നിർദ്ദേശം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയകക്ഷി അധികാരപ്പെടുത്തിയ ആൾ, അക്കാര്യത്തിൽ നൽകിയ രേഖാമൂലമായ നിർദ്ദേശം സാധുവായി കരുതപ്പെടേണ്ടതാണ്.";

(ബി) നിലവിലുള്ള വിശദീകരണത്തിൽ, "നിറുത്തിയ" എന്ന വാക്കിനുപകരം "നിറുത്തിയതോ അല്ലെങ്കിൽ പിന്തുണ നൽകിയതോ ആയ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും. (1) 2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ഓർഡിനൻസിന് (2012-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുവാൻ അനുമതി നൽകിയ ഉത്തരവ് നഗരസഭ/ കോർപ്പറേഷനുകളിലെ മുൻ ജനപ്രതിനിധികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

റെക്കോർഡ് റൂമിൽ നിന്നും രേഖകൾ നൽകുന്നതിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് ഉചിതമായവിധത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 1998-ലെ കേരള പഞ്ചായത്ത് രാജ് റെക്കോർഡുകളുടെ സൂക്ഷിപ്പും, പകർപ്പും ചട്ടങ്ങൾ നിഷ്കർഷിച്ച രജിസ്റ്ററും ക്രമീകരിക്കേണ്ടതാണ്.

ഇ-ഗവേർണൻസ്

ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ പൂർണ്ണമായി വിന്യസിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - പദ്ധതി തയ്യാറാക്കൽ:

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനും നിരന്തരം വിലയിരുത്തുന്നതിനും ഉള്ള മേൽ നോട്ടം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണെങ്കിലും അവയുടെ ഗുണപരത വിലയിരുത്തുന്നതും, കൂടുതൽ ഗുണപരമാക്കലിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതും സ്റ്റിയറിംഗ് കമ്മിറ്റിയാണ്. ആയതിനാൽ മോണിറ്ററിംഗിനായി സ്റ്റിയറിംഗ് കമ്മിറ്റി പദ്ധതി തയ്യാറാക്കേണ്ടതാണ്

ഇന്റേണൽ ഓഡിറ്റ്:

ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കേഷൻ :

സർട്ടിഫിക്കേഷൻ

(1) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കേഷനുവേണ്ടി ഒരു സർട്ടിഫിക്കേഷൻ ബോഡി നിയോഗിക്കുന്ന ലീഡ് ഓഡിറ്റർ (മൂന്നാം കക്ഷി ഓഡിറ്റ്) ഓഡിറ്റു നടത്തണം.

(2) മൂന്നാം കക്ഷി ഓഡിറ്റ് തൃപ്തികരമായാൽ സർട്ടിഫിക്കേഷൻ ബോഡിയിൽ നിന്നും ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കറ്റ് ലഭിക്കും

(3) സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത് ഓഫീസിന്റെ ബോർഡിലും, ലെറ്റർ ഹെഡ്ഡിലും, വെബ്സൈറ്റിലും ഐ.എസ്.ഒ. 9001: 2008 സർട്ടിഫൈഡ് എന്നു രേഖപ്പെടുത്തേണ്ടതാണ്.

സർട്ടിഫിക്കേഷൻ ബോഡീസ്

(1) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (QCI.) യുടെ കീഴിലുള്ള നാഷനൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ സർട്ടിഫിക്കേഷൻ ബോഡീസ് (NABC) ന്റെ അംഗീകാരമുള്ള സർട്ടിഫിക്കേഷൻ ബോഡീസിലാണ് ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കേഷനുവേണ്ടി അപേക്ഷിക്കേണ്ടത്.

(2) അംഗീകൃത സർട്ടിഫിക്കേഷൻ ബോഡീസിന്റെ പട്ടിക QCI യുടെ വെബ് സൈറ്റിൽ ലഭ്യമാണ്.

(3) സർട്ടിഫിക്കേഷൻ ബോഡി (ലീഡ് ഓഡിറ്ററുടെ സഹായത്തോടെ) മൂന്നാം കക്ഷി ഓഡിറ്റ് നടത്തുന്നതാണ്. തുടർന്നുള്ള 2 വർഷങ്ങളിലും സർവിലൻസ് ഓഡിറ്റും നടത്തുന്നതാണ്..

(4) പ്രോക്യൂർമെന്റ് മാന്വലിലെ നടപടികൾ പാലിച്ചുകൊണ്ടായിരിക്കണം സർട്ടിഫിക്കേഷൻ ബോഡിയെ തെരഞ്ഞെടുക്കേണ്ടത്.

(5) സർട്ടിഫിക്കേഷൻ ബോഡീസിനുള്ള ഫീസ് എല്ലാ ചെലവും ഉൾപ്പെടെ 50,000/- (രൂപ അമ്പതിനായിരം മാത്രം) രൂപയിൽ അധികരിക്കാൻ പാടില്ല.

നിരന്തരം വിലയിരുത്തലും സർട്ടിഫിക്കറ്റ് പുതുക്കലും:

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 3 വർഷത്തേക്കാണ് ലഭിക്കുന്നത്. ഓരോ മൂന്ന് വർഷത്തെ ഇടവേളയിൽ സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട് . പ്രസ്തുത വേളകളിൽ ക്വാളിറ്റി മാനേജ്മെന്റ് തുടരുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ആയതിനാൽ:

(1) ഭരണസമിതിയുടെ നിരന്തര വിലയിരുത്തൽ യോഗങ്ങൾ നടത്തേണ്ടതാണ്.

(2) ഇന്റേണൽ ഓഡിറ്റ് വർഷത്തിൽ രണ്ടു തവണ നടത്തേണ്ടതാണ്.

(3) സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞാലും ഓരോ വർഷവും മൂന്നാം കക്ഷി ഓഡിറ്ററെക്കൊണ്ട് സർവിലൻസ് ഓഡിറ്റിംഗ് നടത്തേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

പ്രോജക്ട് തയ്യാറാക്കൽ:

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ടാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത്.

(2) പ്രസ്തുത പ്രോജക്ടിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കേഷൻ നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചേർക്കുകയും അവയ്ക്കുള്ള തുക വകയിരുത്തുകയും വേണം.

(3) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാൻ ഉദ്ദേശിക്കുന്ന വർഷത്തെ പ്രതീക്ഷിത ചെലവ് ചുവടെകൊടുക്കുന്നു.

- ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള സാങ്കേതിക സഹായത്തിനായി നിയോഗിക്കുന്ന ഐ.എസ്.ഒ.കൺസൾട്ടന്റിന്റെ ഫീസ് (പരമാവധി 25 ജീവനക്കാർ) പരമാവധി 60,000/- രൂപയാകാം.
- ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും കമ്പ്യൂട്ടർ സൗകര്യവും ഗ്രാമപഞ്ചായത്തിൽ ഒരുക്കേണ്ടതിനുള്ള ചെലവ്.
- പൗരസമൂഹ സർവ്വെ നടത്താനും റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുമുള്ള ചെലവ്.
- റെക്കോർഡ് റൂം സജ്ജീകരിക്കാനും കഴിയുമെങ്കിൽ ഡിജിറ്റലൈസ് ചെയ്യാനുമുള്ള ചെലവ്.
- ടോട്ടൽക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട ബോധവൽക്കരണ പരിപാടികളും തുടർ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനുള്ള ചെലവ്.
- ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി സർട്ടിഫിക്കേഷൻ ബോഡിയ്ക്ക് നൽകേണ്ടി വരുന്ന ഫീസ് (25 ജീവനക്കാർ എന്ന അനുമാനത്തിൽ) പരമാവധി 50,000/-രൂപ .

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച് മൂന്ന് വർഷത്തിനുശേഷം പുതുക്കേണ്ടതിനാൽ 2-ാം വർഷവും 3-ാം വർഷവും സർവിലൻസ് ഓഡിറ്റ് നടത്തി ഗുണനിലവാര സംവിധാനം ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് രണ്ടും മൂന്നും വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത ചെലവ് ചുവടെ ചേർക്കുന്നു.

* സർവിലൻസ് ഓഡിറ്റിനുള്ള കൺസൾട്ടന്റിന്റെ സഹായം ലഭ്യമാക്കുന്നതിന് പരമാവധി 10,000/- രൂപ
* സർവിലൻസ് ഓഡിറ്റ് ഫീസ് പരമാവധി 25,000/- രൂപ .

മേൽ ഘടകങ്ങൾ ഉൾപ്പെടുത്തി ബഹുവർഷ പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. പ്രോജക്ടിനുള്ള കോഡ് ഐ.കെ.എം. നൽകിയിട്ടുണ്ട്. പ്രോജക്ട് പരമാവധി 4 മാസംകൊണ്ട് പൂർത്തീകരിക്കാവുന്നതാണ്.

*****

GOVERNMENT OF KERALA

നം.75419/ആർ.എ1/2013/തസ്വഭവ. തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 30.12.2013.

സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിൽ/സർട്ടിഫിക്കറ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും, തസ്തികയുടെ പേരും ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ 30.10.2012 ലെ 59177/ആർ.എ1/2012/തസ്വഭവ നമ്പർ സർക്കുലർ.

അനധികൃതനിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി അടുത്തകാലത്ത് നടത്തിയ പരിശോധനകളിൽ ചട്ടം ലംഘിച്ചു നിർമ്മിച്ചിട്ടുള്ള നിരവധി കെട്ടിടങ്ങൾക്ക് ഉദ്യോഗസ്ഥർ നിയമ വിരുദ്ധമായി പെർമിറ്റ് നൽകിയതായും തുടർന്ന് കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരം ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെന്ന് ഫയലുകളിൽ നിന്നും കണ്ടുപിടിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2012 നവംബർ 1 മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണാനുമതി/ കെട്ടിടനമ്പർ/ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന മറ്റു എല്ലാ സർട്ടിഫിക്കറ്റുകളിലും, സർക്കാരിലേയ്ക്ക് അയയ്ക്കുന്ന എല്ലാ കത്ത് ഇടപാടുകളിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ്, ലാന്റ്ഫോൺ/ മൊബൈൽ ഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാകുന്ന വിധം സീൽ പതിക്കേണ്ടതാണ് എന്ന് സൂചനയിലെ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരം വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും സർക്കുലറിലെ നിർദ്ദേശങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന് ലഭിക്കുന്ന കത്തുകളിൽ നിന്നും, ചീഫ് ടൗൺ പ്ലാനർ വിജിലൻസ് നടത്തിയിട്ടുള്ള പരിശോധനകളിൽ നിന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചനയിലെ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുന്നു.

കെട്ടിട നിർമ്മാണാനുമതി, കെട്ടിട നമ്പർ, ഓക്കുപ്പെൻസി സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന മറ്റ് എല്ലാ സർട്ടിഫിക്കറ്റുകളിലും, സർക്കാരിലേക്ക് അയയ്ക്കുന്ന എല്ലാ കത്ത് ഇടപാടുകളിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ്, ലാന്റ് ഫോൺ/മൊബൈൽ ഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാക്കുന്ന വിധം സീൽ പതിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആധാരമായ

കുറിപ്പ് ഫയലുകളിലും മേൽപറഞ്ഞപ്രകാരം സീൽ നിർബന്ധമായും പതിപ്പിച്ചിരിക്കേണ്ടതാണ്. കൂടാതെ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് ടൗൺ പ്ലാനിംഗ് വകുപ്പിൽ നിന്നും നൽകുന്ന അപ്രൂവൽ/ലേ ഔട്ട് അപ്രൂവൽ എന്നിവയിലും മേൽ പരാമർശിച്ച പ്രകാരം സീൽ പതിപ്പിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം 2014 ജനുവരി 1 മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നഗരാസൂത്രണ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സർക്കാർതലത്തിൽ പരിശോധനകൾ നടത്തുന്നതാണ്. 01.01.2014 മുതൽ മേൽ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടാത്ത ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ആവശ്യപ്പെടാതെ തന്നെ സർക്കാർ സ്വമേധയ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

രാജൻ ഖോബ്രാഗഡെ
സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്.
5. കോർപ്പറേഷൻ സെക്രട്ടറി (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം - 695 581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
7. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്)

പകർപ്പ് :

1. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്).
6. ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.ക്ക്
7. തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ്
8. തദ്ദേശസ്വയംഭരണ (ആർ.ഡി.)വകുപ്പ്
9. തദ്ദേശസ്വയംഭരണ (ആർ.എ2,ആർ.എ3) വകുപ്പ്
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷഫീസായ പതിനായിരം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കില ഡയറക്ടറുടെ പേരിൽ എടുക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(എം.എസ്)നം. 23/2014/തസ്വഭവ തിരുവനന്തപുരം, തീയതി : 29.01.2014.

പരാമർശം:- (1) 05.10.2013 -ലെ സ.ഉ (എം.എസ്)325/13/തസ്വഭവ
(2) പഞ്ചായത്ത് ഡയറക്ടറുടെ 24.12.2013-ലെ ജി2-38442/13 നമ്പർ കത്ത്

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനുവേണ്ടിയുള്ള അപേക്ഷാഫീസായി 10,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പരാമർശം 2-ലെ കത്തുപ്രകാരം പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് കില ഡയറക്ടറുടെ പേരിൽ തൃശൂരിൽ മാറാവുന്ന തരത്തിൽ എടുക്കുന്നതിനുള്ള ഉത്തരവാകണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഇതര സംഘടനകൾക്കുള്ള അക്രഡിറ്റേഷൻ അപേക്ഷാ ഫീസായി 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കില ഡയറക്ടറുടെ പേരിൽ തൃശൂരിൽ മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജയിംസ് വർഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, കില, തൃശൂർ
7. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി)മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ(ജനറൽ)മാർക്കും
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
11. മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് (നഗരകാര്യം)
12. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
13. ജനറൽ സെക്രട്ടറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
14. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
15. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
16. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 48544/എബി1/13/തസ്വഭവ

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 22/04/2014
ഫോൺ: 04712518907

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതിലെ സുരക്ഷാ വീഴ്ചകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്

.....

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിൽ സാംഖ്യ സോഫ്റ്റ് വെയർ സംവിധാനത്തിലെ സുരക്ഷാ വീഴ്ചകൾ മുതലാക്കി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം സാമ്പത്തിക തിരിമറികൾ നടക്കരുത് എന്ന് ഉറപ്പ് വരുത്താനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ചുവടെ കൊടുത്തിരിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾ നൽകുന്നു.

1. ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രസീതായും തപാൽ കൈപ്പറ്റ് രസീതായിട്ടും ഒരേ രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിച്ച് പ്രിന്റ് ചെയ്യുന്നത് അപാകതയായതിനാൽ വ്യത്യസ്ത രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിച്ച് പ്രിന്റ് ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കുന്ന തുകയ്ക്ക് പ്രത്യേക ഫോർമാറ്റിലുള്ളതും പ്രത്യേക നിറത്തിലുള്ളതുമായ ക്യാഷ് രസീത് നൽകേണ്ടതാണ്. ക്യാഷ് രസീതുകൾക്ക് തുടർച്ചയായി രസീത് നമ്പറുകൾ നൽകണം. രണ്ട് പ്രിന്ററുകൾ/രണ്ട് കമ്പ്യൂട്ടറുകളും ഉപയോഗിച്ചും രസീത് നൽകുന്ന രീതി അവലംബിക്കാവുന്നതാണ്. വ്യത്യസ്ത രീതിയിലുള്ള രസീതുകൾ ഗ്രാമലക്ഷ്മി മുദ്രാലയം ലഭ്യമാക്കേണ്ടതാണ്.

2. സാംഖ്യ ഉപയോഗിച്ച് അക്കൌണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്ന പഞ്ചായത്തുകളിൽ ദിവസംതോറും Day Book - Front Office Collection വിവരങ്ങൾ അതാത് ദിവസം പ്രിന്റ് എടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി ഓരോ വർഷവും ബുക്കായി ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. അതുപോലെ രസീതുകളുടെ Counter foil - ദിവസക്രമത്തിൽ അടുക്കി പ്രത്യേകം സൂക്ഷിയ്ക്കണം.

അതിൽ റദ്ദാക്കിയ രസീതുകളുണ്ടെങ്കിൽ റദ്ദാക്കിയ രസീതും അതിന്റെ Counter foil-ഉം സൂക്ഷിക്കണം. ഇതു കൃത്യമായി ചെയ്യുന്നു എന്ന് അക്കൌണ്ടന്റ് ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് എല്ലാ ദിവസവും പ്രത്യേക ശ്രദ്ധ ചെലുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ പ്രവൃത്തി കൃത്യമായി പഞ്ചായത്തിൽ നടക്കുന്നുവെന്ന് അതാത് പെർഫോർമൻസ് യൂണിറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ പരിശോധിച്ച് ക്രമക്കേടില്ലാ എന്ന് ഉറപ്പാക്കണം.

3. റദ്ദാക്കുന്ന രസീതുകൾ authorise/approve ചെയ്യാനുള്ള ചുമതല സെക്രട്ടറിയുടേതാണ്. സെക്രട്ടറിയുടെ അഭാവത്തിൽ Assistant Secretary-യും അതുമല്ലെങ്കിൽ Junior Superintendent/Head Clerk -നും ചുമതല കൈമാറാവുന്നതും ആയത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

4. Sankhya-യിൽ ഉപയോഗിക്കുന്ന പാസ്സ് വേഡുകൾ മറ്റൊരാൾക്ക് പകർന്നു കൊടുക്കുന്നത്/ പകർത്തിയെടുക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കണം.

5. Front Office മുഖേനയുള്ള പണമിടപാടുകൾ എല്ലാ ദിവസവും വൈകുന്നേരം 3.00 മണി വരെയായി നിജപ്പെടുത്തേണ്ടതാണ്.

6. Front Office വഴി ഉപയോഗിക്കുന്ന സ്റ്റേഷനറികൾ (രസീതുകൾ, Counter foil-കൾ എന്നിവ) ഉപയോഗശൂന്യമായവ അല്ലെങ്കിൽ കേടുപാടുകൾ പറ്റുന്നവ പ്രത്യേകം സൂക്ഷിയ്ക്കേണ്ടതാണ്. Front Office വഴി ഉപയോഗിക്കുന്ന സ്റ്റേഷനറികൾ കൈകാര്യ ചെയ്യുന്നത് അക്കൌണ്ടന്റുമാരുടെ ഉത്തരവാദിത്വത്തിലായിരിക്കണം.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രസീതി മുഖേന ശേഖരിക്കുന്നതും ചെക്കുമുഖേന ശേഖരിക്കുന്നതുമായ പണമിടപാടുകൾ യഥാവിധം നിരീക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള കൂട്ടുത്തരവാദിത്വം Cashier, Accountant എന്നിവരിൽ നിക്ഷിപ്തമാണ്. ഇതു സംബന്ധിച്ച് യാതൊരു വിധ സാമ്പത്തിക തിരിമറിയും നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ട ബാദ്ധ്യതയും ടി ഉദ്യോഗസ്ഥന്മാർക്കാണ്. ടി ഉദ്യോഗസ്ഥർ യഥാവിധം ചുമതല നിർവ്വഹിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ മോണിറ്ററിംഗ് ചെയ്യണം.

8. ക്രമേണ സാംഖ്യ online ആയി മാറ്റിയാൽ ഗ്രാമപഞ്ചായത്തുകളിലെ cash transaction online ആയി അതാത് performance യൂണിറ്റുകൾക്ക് (പാസ്സ് വേഡ് മുഖേന) മോണിറ്ററിംഗ് ചെയ്യുവാൻ കഴിയുന്ന സംവിധാനം

ഏർപ്പെടുത്തേണ്ടതാണ്.

9. Front Office സംവിധാനം ആധുനികവത്ക്കരിക്കണം. ജീവനക്കാർക്ക് കൃത്യമായി പരിശീലനം നൽകണം. മോണിറ്ററിംഗ്/സർവെയ് ലൻസ് കാമറ ഘടിപ്പിക്കാവുന്നതാണ്.

10. ആധുനികമായ സാമ്പത്തിക ഇടപാട് രീതികൾ പഞ്ചായത്തുകളിലും സ്വീകരിക്കാവുന്നതാണ്. ബാങ്കുകളിൽ നടത്തുന്ന തരത്തിലുള്ള Electronic Fund-Transfer സമ്പ്രദായങ്ങൾ വഴി ഇടപാടുകൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കാവുന്നതാണ്.

11. Login ചെയ്യാൻ പാസ്സ് വേർഡുകൾ ഉപയോഗിക്കുന്നതിനു പകരം Retina Image, thumb impression ഇടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്.

പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3) ഗ്രാമവികസന കമ്മീഷണർ
4) നഗരകാര്യ ഡയറക്ടർ
5) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും, സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
7) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും (അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ മുഖേന)
8) എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും
9) എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
10) എല്ലാ മുനിസിപ്പൽ ചെയർ പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖേന)
11) നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
12) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
13) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14) ധനകാര്യ വകുപ്പ്
15) ഡയറക്ടർ IKM (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
16) ഡയറക്ടർ KILA

പകർപ്പ് തദ്ദേശ സ്വയംഭരണ ഡി.എ/ഡിബി/ഡി.ഡി/എഫ്.എം/എ സി/എഎ സെക്ഷനുകൾക്ക്.
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ശ്മശാനത്തിലേക്ക് മാറ്റൽ - ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് വർദ്ധിപ്പിച്ചു കൊണ്ട് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.509/14/തസ്വഭവ തിരുവനന്തപുരം, തീയതി :24/02/2014.

പരാമർശം- 2013-14 ലെ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 66 (ബി).

ഉത്തരവ്

പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേക്ക് മാറ്റുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടു കൂടി ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിലും ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ടും, ഇതിനു പുറമെ ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽ നിന്ന് പരമാവധി 10 ലക്ഷം രൂപ കൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യൂവിന്റെ 50 % തുക കൂടി നൽകുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നുവെന്ന് പരാമർശത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേക്ക് മാറ്റുന്നതിനും ഓരോ പഞ്ചായത്തിനും ശ്മശാനം നിർമ്മിക്കുന്നതിനും ഗ്രാൻറ് 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ടും, ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി

പ്രോജക്ടിൽ നിന്ന് 10 ലക്ഷം രൂപ കൂടി വിനിയോഗിക്കുന്നതിനും ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യൂവിന്റെ 50% തുക കൂടി നൽകുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(രാജൻ ഖോബ്രഗഡെ)
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ ആഡിറ്റ്), കേരളം,
തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (LBA&A), തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം,
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ്,
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹകരണം ഉറപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ)നം. 57/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 19/03/2014.

പരാമർശം: 1. പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.5.12 ലെ കത്ത്.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9.8.12 ലെ കെ. എസ്/എം/3768/2012 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 4.10.13 ലെ ജെ4-15100/2013 നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് നികുതി പിരിവുകൾ ഉൾപ്പെടെയുള്ള വിവിധ ഫീൽഡ് ചുമതലകളിൽ കുടുംബശ്രീ സംവിധാനത്തെ സഹകരിപ്പിച്ച് പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂചന ഒന്നിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസംഘടിത തൊഴിലുകൾ സി.ഡി.എസ് മുഖേന അയൽക്കൂട്ട പ്രവർത്തകർക്ക് നൽകുന്നത് ഈ രംഗത്ത് ക്രിയാപരമായ ഒരു മുന്നേറ്റമുണ്ടാക്കാൻ സാധ്യമാകുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ചിലത് കുടുംബശ്രീയെ ഏൽപ്പിക്കുന്നത് പഞ്ചായത്ത് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകരമാകുമെന്ന് പഞ്ചായത്ത് ഡയറക്ടറും ഈ വിഷയത്തിന്മേൽ പരാമർശ കത്തുകൾ പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളിൽ കുടുംബശ്രീ അംഗങ്ങളെ സഹകരിപ്പിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നികുതി പിരിവുമായി ബന്ധപ്പെട്ട ക്യാമ്പ് കളക്ഷൻ നടത്തുന്ന വേളകളിൽ നോട്ടീസ് വിതരണം നടത്തുന്നതിനും, അനൗൺസ്മെന്റ് നടത്തുന്നതിനും സഹകരിപ്പിക്കുക.

2. ഗ്രാമസഭകളുടെ സംഘാടനം, പ്രചരണം, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

3. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആഫീസുമായി ബന്ധപ്പെട്ട അപേക്ഷകൾ തയ്യാറാക്കുന്നതിനും, സേവനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും ഹെൽപ് ഡെസ്ക് ആയി പ്രവർത്തിപ്പിക്കൽ.

4. ഗ്രാമപഞ്ചായത്ത്തല ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളിലും വിവിധ കമ്മിറ്റികളിലും സഹകരിപ്പിക്കുക.
5. ഗ്രാമപഞ്ചായത്തുകളിൽ വാർഡടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക.

മേൽ പ്രവർത്തനത്തിനാവശ്യമായ ചെലവ് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ട ന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ട ന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സഞ്ചിത ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Joseph

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തി എസ്.സി/ എസ്.ടി പദ്ധതികളുടെ implementing Officer ചുമതല കൂടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(എം.എസ്)നം. 59/2014/ത.സ്വ.ഭ.വ **തീയതി,തിരുവനന്തപുരം,22/03/2014**

പരാമർശം:- 1) സഉ(എം.എസ്) നമ്പർ 218/13/തസ്വഭവ തയതി 10/06/2013.
2) സഉ(എം.എസ്) നമ്പർ 366/13/തസ്വഭവ തയതി 10/11/2013.
3) വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ ഓഡിനേഷൻ കമ്മിറ്റിയുടെ 18/12/2013 ലെ തീരുമാനം.

ഉത്തരവ്

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവാകുകയും പരാമർശം 2 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തുകയും ചെയ്തിരുന്നു.

വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ ഓഡിനേഷൻ കമ്മിറ്റിയുടെ 18/12/2013 ലെ തീരുമാന പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ എസ്.സി/ എസ്.ടി പദ്ധതികളുടെ implementing Officer മാർ അവരായിരിക്കും എന്ന് തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ എസ്.സി/ എസ്.ടി പദ്ധതികളുടെ Implementing Officer ചുമതല നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെയും 2 ലെയും സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ആഞ്ചലോസ്.ജി
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്) കേരള, തൃശ്ശൂർ/തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ),കേരള.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.7923/ആർ.സി.3/2014/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 6-6-2014

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മണൽ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾ മുലമുണ്ടാകുന്ന സുരക്ഷാപ്രശ്നങ്ങൾ -സംബന്ധിച്ച്

സൂചന:- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 20-12-2013-ലെ സി2 30265/2013 നമ്പർ കത്ത്.

മണൽ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾക്ക് ശരിയായ ഫിറ്റ്നസ് സർട്ടിഫിക്കറ്റോ ഡ്രൈവർമാർക്ക് ശരിയായ ലൈസൻസോ ഇല്ലാത്തതിനാൽ ഇത്തരം വാഹനങ്ങൾ ധാരാളം അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും അതിനാൽ പഞ്ചായത്ത് /മുനിസിപ്പാലിറ്റികളിൽ നിന്ന് മണൽ കയറ്റിക്കൊണ്ടു പോകുന്നതിനുള്ള പാസ് നൽകുമ്പോൾ വാഹനത്തിന്റെയും ഡ്രൈവറുടെയും രേഖകൾ കാലാവധിക്കുള്ളിൽപ്പെട്ടതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന, ആർ.റ്റി.ഒ ഓഫീസുകളിൽനിന്ന് വാങ്ങിയ, ഒരു സാക്ഷ്യപത്രം നിഷ്കർഷിക്കണമെന്ന് ഒരു നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ സൂചന കത്തു പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഓരോ പാസ് കൊടുക്കുമ്പോഴും ഇത്തരം സാക്ഷ്യപത്രം ഓരോ വാഹനത്തിനും ഡ്രൈവർക്കും നിഷ്കർഷിക്കുന്നത് തീരെ അപ്രായോഗികവും അശാസ്ത്രീയവുമാണ്. കൂടുതൽ ലോഡുകൾക്കോ ഒരു പ്രത്യേക കാലത്തേയ്ക്കോ പാസ് കൊടുക്കാനും സാധ്യമല്ല. ആകയാൽ പാസ് നൽകുന്ന സമയത്ത് ആ വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഡ്രൈവറുടെ ലൈസൻസും സാധുത ഉള്ളതാണോ എന്ന് ഉറപ്പുവരുത്താൻ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളൂ. അതിലേയ്ക്കായി ലൈസൻസിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും കാലാവധി തീരുന്ന ദിവസം ഏതെന്ന് മുൻകൂട്ടി സാക്ഷ്യപ്പെടുത്തി നൽകിയ ഒരു സർട്ടിഫിക്കറ്റ് റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്ന് വാഹനമുടമയ്ക്കും ഡ്രൈവർക്കും കൊടുക്കേണ്ടതാണ്. ഇത്തരം ഒരു സർട്ടിഫിക്കറ്റ് പാസ് കൊടുക്കുന്ന സമയത്ത് നിഷ്കർഷിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശനമായി നിർദ്ദേശം നൽകുന്നു.

കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

To

ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് ടവ്വേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കില, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ളിസിറ്റിക്ക്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം .25000/ആർസി4/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം, തീയതി 7-6-2014

സർക്കുലർ

വിഷയം: വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടുന്ന നടപടികൾ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കുളങ്ങൾ, കിണറുകൾ തുടങ്ങിയ ചെറിയ ജലസ്രോതസുകളുടെ സംരക്ഷണം -സംബന്ധിച്ച്

സൂചന : മന്ത്രിസഭാ യോഗത്തിന്റെ 14/3/2014-ലെ 5120 നമ്പർ തീരുമാനം

വരൾച്ച മൂലമുള്ള കുടിവെള്ള ക്ഷാമം നേരിടുന്നതിന് കുളങ്ങൾ, കിണറുകൾ തുടങ്ങിയ ചെറിയ ജലസ്രോതസുകൾ National Rural Employment Guarantee Scheme -മുമായി സംയോജിച്ച് ഉപയോഗക്ഷമമാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ കർശന നിർദ്ദേശം നല്കുന്നു. പ്രസ്തുത പ്രവർത്തിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകളിൽ നിന്നും നിയമാനുസൃതം പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കാവുന്നതാണ്.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
ഡയറക്ടർ, എൻ.ആർ.ജി.എ, കേരളം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേനെ)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽബിഎ&എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ(എസ്. സി) വകുപ്പ്)
തദ്ദേശ സ്വയംഭരണ (എഫ്.എം/ഡി.എ) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2006 മുതൽ 2012 വരെയുള്ള വർഷങ്ങളിലെ സി&എ.ജി-യുടെ റിപ്പോർട്ട് - പെന്റിംഗ് ഖണ്ഡികകൾക്കുള്ള ന്യൂനതാപരിഹാര നടപടി റിപ്പോർട്ട് - തയ്യാറാക്കുന്നതിലേക്കായി ഐ.കെ.എം-ൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1475 /2014/തസ്വഭവ. തിരുവനന്തപുരം, തീയതി: 10.06.2014

ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തുന്ന ആഡിറ്റുമായി ബന്ധപ്പെട്ട് കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ 2006 വർഷം മുതൽ 2012 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇനിയും പെന്റിംഗ് ആയുള്ള ഖണ്ഡികകൾക്ക് വളരെ അടിയന്തിരമായി നിയമസഭാ സമിതിക്ക് മറുപടി നൽകേണ്ടതായുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ വിവിധ മീറ്റിംഗുകളിലും അക്കൗണ്ടന്റ് ജനറലിന്റെയും അപ്പക്സ് കമ്മിറ്റിയുടേയും അറിയിപ്പുകളിലും ആയതിന്റെ അത്യാവശ്യകത സംബന്ധിച്ച് ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. പ്രസ്തുത പരാമർശങ്ങളും അവയ്ക്കുള്ള മറുപടിയും സെക്ഷനിലെ അനുദിനമുള്ള ജോലിയ്ക്ക് പുറമെ ടൈപ്പ് ചെയ്യുന്നത് ശ്രമകരമാണ്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006 മുതൽ 2012 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ പെന്റിംഗ് ഖണ്ഡികകളിൻമേലുള്ള ന്യൂനതാപരിഹാര നടപടി റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ലഭ്യമാക്കുവാൻ ഐ.കെ.എം ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. പ്രസ്തുത ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം എസ്.പി.എ.ഒ യുടെ ഫണ്ടിൽ നിന്നും നൽകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ & ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കേരള സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളോത്സവം 2014 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 1771/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 10.07.2014.

പരാമർശം:- 1) 26.08.2013-ലെ സ.ഉ.(സാധാ.) നം. 2172/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2) കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 06.06.2014-ലെ പി1-2014//14/വൈ.ഡബ്ല്യൂ.ബി. നമ്പർ കത്ത്.

ഉത്തരവ്

1. കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക-സാഹിത്യ-കാർഷിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം-2014-ന്റെ സംഘാടനത്തിനായി, പരാമർശം (1) ൽ നൽകിയ അനുമതി പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാൻ അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2014-ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗ്രാമ പഞ്ചായത്ത്	50,000 രൂപ
ബ്ലോക്ക് പഞ്ചായത്ത്	1 ലക്ഷം രൂപ
മുനിസിപ്പാലിറ്റി	1 ലക്ഷം രൂപ
കോർപ്പറേഷൻ	1,20,000 രൂപ
ജില്ലാ പഞ്ചായത്ത്	2 ലക്ഷം രൂപ

3. ഇങ്ങനെ ധനവിനിയോഗം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 31.03.2015 വരെ '2014 കേരളോത്സവം' ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ / കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും 2015 ഏപ്രിൽ 15 നകം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമബോർഡ്, T.C.9/479, ജവഹർ നഗർ-J1, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
} ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പകർപ്പ് നൽകേണ്ടതാണ്.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്.
സ്പോർട്സ് & യുവജനക്ഷേമ വകുപ്പ്.
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. *(എൽ.എസ്.ജി.ഡി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ (EMC) സമർപ്പിച്ച സ്പെസിഫിക്കേഷൻ അംഗീകരിച്ചും അതനുസരിച്ച് ഉപകരണങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1807/2014/തസ്വഭവ തിരുവനന്തപുരം, തീയതി : 14.07.2014.

പരാമർശം:- (1) 16.11.2013-ലെ സ.ഉ(എം.എസ്)നം.362/2013/തസ്വഭവ നമ്പർ ഉത്തരവ്
(2) 29.05.2014-ലെ സ.ഉ(സാധാ).1334/2014/തസ്വഭവ നമ്പർ ഉത്തരവ്
(3) 20.02.2014-ൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട്
(4) 25.06.2014-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ **3.9** നമ്പർ തീരുമാനം

ഉത്തരവ്

പരാമർശം (2) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവുവിളക്കുകളും മറ്റ് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും ഓപ്പൺ ടെണ്ടർ വഴി വിതരണം ചെയ്യുന്നതിന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് ക്രൂസിന് നൽകിയ അനുമതി വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ കൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്.

പരാമർശം(4)-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിച്ച സ്പെസിഫിക്കേഷൻ അംഗീകരിച്ചും അതനുസരിച്ചുള്ള ഉപകരണങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വൽസല
ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, വെള്ളയമ്പലം, തിരുവനന്തപുരം
സെക്രട്ടറി, ക്രൂസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

Technical Specifications of the LED Street light.

The LED Light fitting shall meet the following specifications.

1. 45 W LED street lighting system

45 Watts LED Street Light and Fittings shall meet the following parameters:

Supply Source:	150 volt – 270 volt Universal electronic driver.
Frequency:	50 Hz +/- allowable tolerance
Total Power Consumption:	45 ± 4 Watt (max). Number of LED's up to 40
Luminous Efficacy of LED:	More than 100 lumens/watt
Efficiency of luminire	More than 80%
Total lumen out put	More than 3400 Lumens
Make of LED	NICHIA / OSRAM / SEOUL / PHILIPS LUMILED / CREE / EDISON
Beam Angle	120 Degree
Usage hours:	12 hrs per day
Power Factor:	More than 0.90 (min.) Lag
Total Harmonic Distortion (voltage)	Less than 10%
Total Harmonic Distortion (Current)	Less than 10%
Electrical Connector:	Lead Wire with sufficient length and size and insulation/sheathing.
Life expectancy:	More than 50,000 glow hours at 35°C constant temperature with 70% lumen maintenance.
Control Circuit:	Constant Voltage or Constant Current
Casing Material	Water Proof, UV stabilized reinforced, Plastic or treated plastic or anticorrosive rust proof material with IP 65/IP 66
Colour rendering Index	More than 70%
Correlated colour correction Temperature	4000 K to 6000K
Heat Sink	Pressure Die cast Aluminium
Bend Pipe	B - Class Galvanized iron.
Bracket, Clamp, Bolt and Nuts	Galvanized iron or Stainless steel.
Warranty	Three Years from the date of Commissioning.

1.1 Expected Benefits:

Savings in demand and energy by replacement of (2X40) Watts fluorescent lamp, 100 Watts Fluorescent Lamps and 100 Watts Metal Halide with 45 Watts LED Street Light is indicated as below:

Load reduction.

Power consumption of each lamp	100 Watts
Load reduction per unit	55 W

Energy savings

Total Power consumption of (2X40) W fluorescent lamp and Magnetic Choke	100 Watts
Power consumption of LED Street Light	45 Watts
Difference in power consumption	= 100-45 = 55 Watts
Average working hours per day	12
Energy saving per Light per year	55 x 12 x 365 = 2, 40,900 Watt hour = 241 kWh
Energy saving per Light per year	**241 Units/Year**

That is 241 units of electricity per year can be saved through the replacement of each lamp with 45 Watts LED Street Light.

.2. 20 W LED street lighting system

(20 ± 2) Watts LED Street Light and Fittings shall meet the following parameters.

Supply Source:	150 AC volt – 270 AC volt Universal electronic driver with necessary surge protection.
Frequency:	50 Hz +/- allowable tolerance
Total Power Consumption:	(20 ± 2) Watt (max). Number of LED's up to 20
Total lumen out put	More than 1300 Lumens
Make of LED	NICHIA / OSRAM / SEOUL / PHILIPS LUMILED / CREE / EDISON
Beam Angle	120 Degree
Usage hours:	12 hrs per day
Power Factor:	More than 0.90 (min.) Lag
Total Harmonic Distortion (Voltage)	Less than 10%
Total Harmonic Distortion (Current)	Less than 10%
Electrical Connector:	Lead Wire with sufficient length and size and insulation/sheathing.
Life expectancy:	More than 50,000 glow hours at 35°C constant temperature with 70% lumen maintenance.
Control Circuit:	Constant Voltage or Constant Current
Diffucer	Water Proof, UV stabilized reinforced, Plastic or treated plastic or anticorrosive rust proof material with IP65/IP66
Colour redering Index	More than 70%
Correlated colour correction Temperature	4000 K to 6000K
Casing	Die cast Aluminum
Bend Pipe	B - Class Galvanized iron or better.
Bracket, Clamp, Bolt and Nuts	Galvanized iron or Stainless steel or better.
Warranty	Three years from the date of Commissioning.

2.1 Expected Benefits:

- Savings in demand and energy by replacement of 50 Watts Fluorescent lamps with 20 Watts LED Street Light. is indicated as below:

Load reduction

Power Consumption of each lamp	50 W
Load reduction per unit	30 W

Energy savings

Total Power consumption of 40 Watts Fluorescent lamps with Magnetic Choke	50 Watts
Power consumption LED Street Light	20 Watts
Difference in power consumption	50-20 = 30 Watts
Average working hours per day	12
Energy saving per Light per year	30X12X365 = 109500 Watt hour =131 kWh
Energy saving per Light per year	**131 Units per Year**

That is Average 131 units of electricity per year can be saved through the replacement of 40 Watts FTL/40 Watts MHL/40 Watts Sodium vapour lamp with 20 Watts LED Street Light.

Model for energy efficient lighting system:

This project could be a model for energy efficient lighting which results in reduction in Peak load, energy consumption and thereby mitigation of carbon emission.

Cost of LED Street lights:

(This price is arrived on the basis of discussions held with Keltron Officials at EMC office)

(With Three Years warranty)

Sl. No	LED Street Light Power (Watts)	Cost of LED Street Light (Rs.)	Cost of Street Light Fittings (Rs)	Total cost of Street Light including all fittings. (Rs.)
1	20 watts	3,350	800	4,150
2	45 watts	6,655	1,145	7,800

Quality and Certification of the street Lights.

Before finalizing the cost of LED street lights, the quality of the LED light is to be ensured. Indian Standard Specification (BIS certification) for LED lights is already published (IS 16101, IS 16102); but yet to be implemented. Generally the North American Standards for LED's are presently followed. So, before finalizing the cost of LED street lights, the following test Certificates may be insisted for LED lights.

1. LM-80 Certificate from the LED manufacturer.
2. LM-79 Certificate from any approved Lab.
3. Test certificate from any NABL approved lab for Total Power with and without power drive, LED operating Current (Power drive current), Power factor, Total Harmonics Distortion (THD), IP-65/IP-66 protection, Efficacy.

വസ്തുനികുതി

N THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MR.JUSTICE C.K.ABDUL REHIM

THURSDAY, THE 15TH DAY OF MARCH 2012/25TH PHALGUNA 1933

WP(C).No. 4682 of 2012 (I)

PETITIONER:

JOSEPH DEVASIA,, AGED 53,
S/O DEVASIA, THAIPARAMBIL HOUSE,
KARITHAS THELLAKAM KARA, PEROOR VILLAGE,
THELLAKAM P.O.

BY ADV. SRI.B.JAYASANKAR.

RESPONDENTS:
---

1. ATIRAMPUZHA GRAMA PANCHAYATH,
OFFICE OF THE GRAMA PANCHAYATH, ATHIRAMPUZHA. P.O,
KOTTAYAM, KERALA,
PIN - 686 562, REPRESENTED BY ITS SECRETARY.

2. THE SECRETARY,
ATHIRAMPUZHA GRAMA PANCHAYATH, ATHIRAMPUZHA P.O,
KOTTAYAM, KERALA, PIN- 686 562.

BY ADV. SRI.K.JAJU BABU, S.C.

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 15-03-2012, THE COURT ON THE SAME DAY DELIVERED THE FOLLOWING:

W.P.(C).NO.4682/2012-I:

APPENDIX

PETITIONER'S EXHIBITS:

EXT. P1: PHOTOGRAPH OF THE PETITIONER'S PROPERTY.

EXT. P2: PHOTOGRAPH OF THE PETITIONER'S PROPERTY.

EXT. P3: PHOTOGRAPH OF THE PETITIONER'S PROPERTY.

EXT. P4: PHOTOGRAPH OF THE PETITIONER'S PROPERTY.

EXT. P5: APPLICATION DATED 15.12.2011 SUBMITTED BY THE PETITIONER FOR BUILDING PERMIT.

EXT. P6: LOCATION CERTIFICATE DATED 26.11.2011 ISSUED BY VILLAGE OFFICER.

EXT. P7: POSSESSION CERTIFICATE DATED 28.11.2011 ISSUED BY THE VILLAGE OFFICER.

EXT.P8: TRUE COPY OF RECEIPT NO. 0687389 DATED 17.12.2012ISSUED BY 1ST RESPONDENT FOR RECEIVING THE APPLICATION FOR BUILDING PERMIT.

EXT.P9: TRUE COPY OF COMMUNICATION DATED 16.02.2012 ISSUED BY 2ND RESPONDENT TO THE PETITIONER.

RESPONDENTS' EXHIBITS:

EXT.R1.A: COPY OF THE CIRCULAR NO.59655/R.A.1/08/LSGD DTD. 23/09/2008 ISSUED BY THE GOVERNMENT.

EXT.R1.B: COPY OF THE CIRCULAR NO.4545/R.A. 1/11/LSGD DTD. 22/01/2011 ISSUED BY THE GOVERNMENT.

//TRUE COPY//

P.A. TO JUDGE.
C.K. ABDUL REHIM, J.

W.P.(c) No. 4682 OF 2012-I

DATED THIS THE 15th DAY OF MARCH, 2012

J U D G M E N T

Building permit applied for by the petitioner for construction of a commercial building in a property having an extent of 23.761 cents comprised in Sy. No.564/12 and 564/2 in Athirampuzha village, has been rejected by the respondents through Ext.P9. The reasons stated in Ext.P9 is that even though the property in question remains as garden land with grown-up trees, having age of 30 years and surrounded by multi-storied building, the description of the land as per the revenue records remains as 'Nilam' (wet land). According to respondents building permit can be granted only with respect to residential houses having plinth area of less than 300 sq. meter in such property.

2. Petitioner contended that the reason stated in Ext.P9 is totally unsustainable and the respondents have not taken any decision in the application for building permit ˇ independently by ascertaining the physical situation with respect to the property.

3. In the counter affidavit filed on behalf of the respondent it is pointed out that, restrictions are imposed through various circulars issued by the Government, copy of which are produced as Ext.R1(a) and Ext.R1 (b) to the extent of restraining granting of building permits for construction of commercial buildings in properties where the description in the revenue records remains as 'Nilam' (wet land).

4. It is pertinent to note that this court in its various decisions, including the decision of Shahanaz Shukoor V. Chelannoor Grama Panchayat (2009 (3) KLT 899) and Praveen V. Land Revenue Commissioner (2010 (2) KHC 499) had repeatedly held that merely because the description of property in the revenue records remains as wet land, the property cannot be classified as 'paddy land' and 'wet land' coming with the purview of the Kerala Conservation of Paddy Land and Wetland Act, 2008. It it ˇ held that Kerala Conservation of Paddy Land and Wetland Act has no retrospective operation and if the land in question remains converted long back, prior to enactment of the said law, it cannot be taken that the land in question will fall within the definition of 'paddy field' or 'wet land' under the said Act. This court held that with respect to sanctioning of building permits the ground reality has to be taken note of. It is evident from Ext.P9 itself that the nature of the land remains as pucca garden land with grown-up trees and surrounded by multi-storied building. Hence I am of the view that taking note of the legal principles remaining settled, the denial of building permit on the basis of the reasons mentioned in Ext.P9 is not sustainable.

5. Therefore, the writ petition is allowed and Ext.P9 is hereby quashed. The 2nd respondent is directed to consider the application for building permit and to take a fresh decision thereon, bearing in mind the observations contained herein above. Building permit shall be granted to the petitioner if the petitioner is otherwise eligible and if ˇ the application is otherwise in order. The needful steps in this regard shall be taken at the earliest possible, at any rate within a period of one month from the date of receipt of a copy of this judgment.

Sd/-
C.K. ABDUL REHIM, JUDGE.
AMG True copy P.A to Judge

GOVERNMENT OF KERALA

Abstract

Local Self Government Department - Applicability of the provision in Building Rules for minimum setback for construction below the ground level - Clarification - Orders issued.

LOCAL SELF GOVERNMENT (RD) DEPARTMENT

GO (Ms) No.160/2012/LSGD Dated, Thiruvananthapuram, 11/06/2012

Read: 1. Rule 117 and 24 of KMBR, 1999
2. Rule 112 and 27 of KPBR, 2011
3. Lr.No.E2-10233/11 dated 13/03/2012 from the Chief Town Planner, Thiruvananthapuram.

ORDER

Rule 117 of Kerala Municipality Building Rule stipulates provisions for open spaces around high rise buildings. The rule 117 (1) stipulates that a motorable open space of minimum 5 metre width has to be provided all round the buildings. Rule 117 (2) stipulates that the minimum width of open space between plot boundary and a highrise building shall be 5 metres. The intention of these provisions is to facilitate vehicular movement to reach the four sides of a highrise building in case of emergencies. Rule 112 (1) & (2) of KPBR also provide for similar provisions in Panchayat areas also.

However, the rule 24 (12) of the KMBR as well as 27 (11) of KPBR provide specific provisions with regard to setbacks for constructions below the ground level. As per these sub rules, the front, rear and side setbacks for constructions below the ground level shall be the same as that required for a 10 metres high building of the same occupancy group constructed above the ground level. Hence Government consider this need clarification on whether the setback rules for constructions beneath the ground are applicable for highrise buildings also.

In the circumstances, in exercise of powers conferred by Rule 161 of KMBR, 1999 and Rule 152 of KPBR, 2011 the Government hereby clarifies that the open space of minimum 5 metres width as envisaged in the rule 117 (1) & (2) of KMBR or rule 112 (1) & (2) of KPBR shall be provided for the portion above the ground level to facilitate vehicular movement around the highrise building. But, with regard to any part of the highrise construction which is below the ground level, the provisions for minimum setbacks stipulated in rule 24 (12) of KMBR or rule 27 (11) of KPBR (whichever is applicable) need only be considered.

By Order of the Governor,
JAMES VARGHESE
Principal Secretary

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (കൈ) നം. 167/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 15.06.2012

പരാമർശം:- 1. സ.ഉ. (അ) നം. 18/2011/തസ്വഭവ, തിയതി, 14.01.2011.

2. സ.ഉ. (അ) നം. 20/2011/തസ്വഭവ, തിയതി, 14.01.2011.

3. സ.ഉ. (സാധാ) നം. 2414/2011/തസ്വഭവ, തിയതി, 20.10.2011.

4. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 17.12.2011 ലെ IKM/LoBE & QA/Sanchaya/06/2007 നമ്പർ കത്ത്.

5. പഞ്ചായത്ത് ഡയറക്ടറുടെ 02.05.2012 ലെ സി.3-5472/2012 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 16.05.2012 ലെ ഡി.സി2-3904/2012 നമ്പർ കത്ത്.

ഉത്തരവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ യഥാക്രമം പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങൾ പ്രകാരം വസ്തു നികുതി വസൂലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിദായകരെ സംബന്ധിക്കുന്ന വിശദമായ വിവരങ്ങളും നികുതി ഒടുക്കുന്നതിന്റെ വിവരങ്ങളും https://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നികുതി കുടിശ്ശികയില്ലായെങ്കിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി നികുതിദായകർക്ക്

വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്നും അപ്രകാരമുള്ള സർട്ടിഫിക്കറ്റുകളുടെ നിയമസാധുത അംഗീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്തു ഡയറക്ടറും നഗരകാര്യ ഡയറക്ടറും യഥാക്രമം പരാമർശം (5), (6) കത്തുകളിലൂടെ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അധിഷ്ഠിത സേവനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരത്തിൽ വെബിലൂടെ ലഭിക്കുന്ന അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായിരിക്കുന്നതും ആയതിന് നിയമസാധുതയുണ്ടായിരിക്കുന്നതാണെന്നും അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പ്രസ്തുത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്ന ഓഫീസുകൾക്ക് വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Thiruvananthapuram Corporation
Office:Main Office
Web:www.corporationoftrivandrum.in

Palayam
Thiruvananthapuram-695001
tvpmcorpn@gmail.com
Pn:0471-2320821 Fax:0471-2332083

File No: 4016701/136/2011

Date: 02/12/2011

Ownership Certificate

Certified that the building bearing No. 6 in ward 4 is owned by ROSA as per the Assessment Register maintained in Thiruvananthapuram Corporation .

This Certificate is issued for producing before Village Office as per request.

This certificate is computer generated and does not require any Seal/Signature in original

Date Of Issue (IST) :2 Dec 2011 10:06AM
Data Last Updated On :21 Jan 2011 4:14PM
Certificate printed before the last updated date is invalid

Authenticity of this receipt can be verified at http: www.lsgkerala.gov.in.The File No is unique to each certificate
Software developed and supported by Information Kerala Mission(www.infokerala.org).

GOVERNMENT OF KERALA

Abstract

Local Self Government Department - Request of BSNL to exempt from property tax - Interim order in W.P.(C) 5422/10 dated 03/09/2010 - Complied with - Orders issued.

LOCAL SELF GOVERNMENT (RD) DEPARTMENT

GO (Rt) No.2640/2012/LSGD Dated, Thiruvananthapuram, 19/09/2012

Read: 1. Interim order in W.P.(C) No.5422/10 (C) dated 03/09/2010
2. Lr.No.Ms/Legal/6-3/2010-11/12 dated 21/10/2011 from the Chief General Manager, BSNL.

ORDER

Pursuant to the interim order dated 03/09/2010 of the High Court in W.P.(C). 5422/2010 filed by BSNL, the Chief General Manager, BSNL requested the Government to consider the Ext.P9 in the W.P.(C) 5422/2010 (representation dated 04/01/2010 of the CGM, BSNL).

The interim order is to consider the above said representation and take appropriate decision in the matter after affording an opportunity of being heard, if necessary. The prayer in the representation regarding the payment of property tax-the BSNL claims that they are not bound to pay property tax-by virtue of being a Government owned company. Further, the Local Self Government Institutions are not issuing permits, completion/use certificates as a pressure tactic in order to force them to pay the property tax.

The contention of the BSNL is that as per statutes, there is no need for permits from Local Self Government Institutions for erection of telecommunication towers of BSNL and that their towers could not be included for paying property tax. The Government as per Circular No.11414/RD2/2009/LSGD dated 30/10/2010 have exempted BSNL, being a Government company, from acquiring permit for erecting mobile towers.

As per Circular No.39457/RC2/10/LSGD dated 19/09/2011 Government instructed Local Self Government Institutions to desist from demanding property tax on BSNL buildings which are in the name of HE the President of India. The Circular goes on to say that the buildings that are not in the name of HE President of India but in the name of BSNL, could be taxed.

In the above back drop, the Chief General Manager, BSNL was heard on 03/04/2012. In view of the points raised by the petitioner at the time of hearing especially regarding the applicability of Indian Telegraph Act 1885, Government examined the matter in detail and found that there is no provision in the said Act exempting BSNL mobile tower from paying property tax.

Moreover, items (iv) in sub section (2) (a) of section 203 of Kerala Panchayat Raj Act 1994 empowers the Grama Panchayath to levy building tax on mobile towers. Sub section (2) (b) thereof further empowers Government to prescribe the rates of taxes on item (iv) above by notification. Kerala Municipality Act 1994 also empowers same. BSNL has not been given exemption from paying property tax under the above Acts.

In this circumstances, the request made by the Chief General Manager, BSNL in Ext.P9 representation to exempt the BSNL Towers from property tax is devoid of any merit and hence the same is rejected. Accordingly orders contained in the interim order of the High Court read as 1st paper above complied with.

By Order of the Governor,
A.R.SURESAN
Deputy Secretary to Government.

To

The Chief General Manager, BSNL
The Director of Urban Affairs, Thiruvananthapuram
The Director of Panchayats, Thiruvannanthapuram
The Chief Town Planner, Thiruvannanthapuram
All Deputy Director of Panchayats
The Regional Joint Directors, Urban Affairs Department
The Secretaries of all Panchayats (through Director of Panchayats)
The Secretaries of all Municipalities (through Director of Urban Affairs)
The Exeutive Director, IKM (for publishing in the website)
The Executive Mission Director IKM (for publication in official website)
PS to Minister (LSGD)
PA to Principal Secretary (LSGD)
Stock file/Office copy.

Forwarded/By Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(എം.എസ്)നം.256/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 8/10/2012

ഉത്തരവ്

സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ.മാത്യു
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്തുകൾക്കും,
നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും
എല്ലാ നഗരകാര്യ റീജിയണൽ, ജോയിന്റ് ഡയറക്ടർമാർക്കും
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
} നഗരകാര്യ ഡയറക്ടർ/ പഞ്ചായത്ത് ഡയറക്ടർ മുഖേന
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (3-10-12 ലെ ഇനം നമ്പർ 2340 പ്രകാരം)
പബ്ലിക് റിലേഷൻസ് വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരളസർക്കാർ

നം.38476/ആർ.എ1/2012/തസ്വഭവ. തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 11.10.2012.

സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണവകുപ്പ് - നിലംനികത്ത് ഭൂമിയിലെ വാസഗൃഹങ്ങൾക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ(എം.എസ്)നം.149/2012/തസ്വഭവ തീയതി 04.06.2012.
2) സ.ഉ(എം.എസ്)നം.211/2012/തസ്വഭവ തീയതി 04.08.2012.

കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീ. വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235(എഎ), 235(ഡബ്ല്യൂ), കേരള മുൻസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാത് പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകികൊണ്ട് , പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് നഞ്ച, വയൽ, നിലം എന്നീ തരം ഭൂമികളിൽ നിർമ്മിച്ച 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാമോ എന്നതു സംബന്ധിച്ച കാര്യത്തിൽ സ്പഷ്ടീകരണം ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ ആരായുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചനയിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും 'നഞ്ച' നിലം, വയൽ എന്നീ തരം ഭൂമികളിൽ നിലവിൽ $100m^2$ വരെ വിസ്തീർണ്ണം ഉള്ള വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്കും നൽകാവുന്നതാണ്.

ടി.ജെ. മാത്യു
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.)

© Government of Kerala
കേരള സർക്കാർ
2012

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

KERALA GAZETTE
കേരള ഗസററ്
EXTRAORDINARY
അസാധാരണം

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. I / വാല്യം 1 | Thiruvananthapuram, Sunday / തിരുവനന്തപുരം, ഞായർ | 25th November 2012 / 2012 നവംബർ 25 / 4th Agrahayana 1934 / 1934 അഗ്രഹായനം 4 | No. / നമ്പർ 1261

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 24831/ലെഗ്.സി.1/2012/നിയമം. തിരുവനന്തപുരം, 2012 നവംബർ 25 / 1934 അഗ്രഹായനം 4.

2012 നവംബർ 24-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

2012-ലെ 62-ാം നമ്പർ ഓർഡിനൻസ്

2012-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2012-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1994-ലെ 13-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം, 4-ഉം വകുപ്പുകളിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 203-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 203-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പുപ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും, അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു

വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചുവർഷ ക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചുവർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, അടിസ്ഥാന വസ്തു നികുതി നിരക്കുകളും യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടെയും നിരക്കുകളു ടെയും മേൽ, പരമാവധി മുപ്പത്തിയഞ്ച് ശതമാനം ഉപരി പരിധിക്ക് വിധേയമായി, കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തി അഞ്ചു വർഷ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. മേൽ പ്രസ്താവിച്ച പ്രകാരം നിരക്ക് പുതുക്കി നിശ്ചയിച്ചതനുസരിച്ച് നികുതി നിർണ്ണയം നടത്തുമ്പോൾ,—

(എ) പുതിയതും, പുതുക്കിപ്പണിതതും, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി, നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് ;

(ബി) ഖണ്ഡം (എ)യിൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്തതും, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ വാർഷിക വസ്തു നികുതി നിശ്ചയിച്ചതുമായ കെട്ടിടത്തിന്റെ കാര്യത്തിൽ, അടുത്തുവരുന്ന പഞ്ച വാർഷിക നികുതി പുതുക്കി നിശ്ചയിക്കലിനായി നിലവിലുള്ള വാർഷിക വസ്തു നികുതിയോടൊപ്പം ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതും അതനുസരിച്ച് അടുത്ത അഞ്ച് വർഷത്തേക്കുള്ള ഡിമാന്റ് നോട്ടീസ് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നൽകേണ്ടതുമാകുന്നു :

എന്നാൽ, ഇപ്രകാരമുള്ള വാർഷിക വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇളവുകളോ വർദ്ധനവുകളോ ബാധകമായിരിക്കുന്നതല്ല.";

(ബി) (7)-ാം ഉപവകുപ്പിൽ (iii), (vii), (ix) എന്നീ ഇനങ്ങൾ വിട്ടു കളയേണ്ടതാണ്;

(സി) (9)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, "കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ഡി) (10)-ാം ഉപവകുപ്പിൽ "അറുപത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (12)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(എഫ്) (14)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ജി) (19)-ാം ഉപവകുപ്പിൽ, (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) വാർഷിക വസ്തു നികുതിയുടെ വർദ്ധനവിന്റെ കുറഞ്ഞ പരിധിയും കൂടിയ പരിധിയും നിശ്ചയിക്കൽ;".

4. 207-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 207-ാം വകുപ്പിലെ (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും;".

എച്ച്. ആർ. ഭരദ്വാജ്,

ഗവർണ്ണർ.

ഇംഗ്ലീഷ് ഭാഷ – മാതൃഭാഷ

സി 3- 23677/12

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 04.12.2012.

സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ് – ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണം കംപ്ലീഷൻ പ്ലാനും ഓക്യുപെൻസി സർട്ടിഫിക്കറ്റും വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കുന്നത് –സംബന്ധിച്ച്

സൂചന:- സർക്കാരിന്റെ 11.06.12 ലെ 30671/RC2/2012/ തസ്വഭവ നമ്പർ കത്ത്.

റവന്യൂ വകുപ്പ് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ മുഖേന വസൂലാക്കുന്ന കട്ടിട നികുതിയുടെ പിരിവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനിന്റെയും ഓക്യുപെൻസി സർട്ടിഫിക്കറ്റിന്റെയും പകർപ്പ് ശരിയായ രീതിയിലുള്ള കെട്ടിട നികുതി നിർണ്ണയത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

അതിനാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, കെട്ടിടനിർമ്മാണ പൂർത്തീകരണ പ്ലാനിന്റേയും ഓക്യുപ്പൻസി സർട്ടിഫിക്കറ്റിന്റെയും ഒരോ പകർപ്പ് ഇതിനായി ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് നൽകേണ്ടതാണെന്ന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരോടും നിർദ്ദേശിക്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക. ഐ. എ. എസ്.
പഞ്ചായത്ത് ഡയറക്ടർ

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസി. ഡയറക്ടർമാർക്കും
എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർ വൈസർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/അധികം.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

KERALA GAZETTE
കേരള ഗസറ്റ്

EXTRAORDINARY
അസാധാരണം

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II വാല്യം 2	Thiruvananthapuram, Friday തിരുവനന്തപുരം, വെള്ളി	15th March 2013 2013 മാർച്ച് 15 24th Phalguna 1934 1934 ഫാൽഗുനം 24	No. നമ്പർ	768

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. ഡി.) വകുപ്പ്

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 88/2013/തസ്വഭവ. *തിരുവനന്തപുരം, 2013 മാർച്ച് 13.*

എസ്. ആർ. ഒ. നമ്പർ 180/2013. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 200, 203, 208 എന്നീ വകുപ്പുകളോട് 254-ാം വകുപ്പ് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2011 ജനുവരി 14-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 20/2011/തസ്വഭവ. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2011 ജനുവരി 14-ാം തീയതിയിലെ 82-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 37/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളും അതിന് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :

1. ചുരുക്കപ്പേരും പ്രാരംഭവും. (1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ 2013 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിൽ,

(1) 4-ാം ചട്ടം, 5-ാം ഉപചട്ടത്തിൽ, "പ്രാബല്യത്തിൽ ഉണ്ടായിരിക്കേണ്ട നിരക്കുകൾ" എന്നീ വാക്കുകൾക്ക് ശേഷവും "203-ാം വകുപ്പ് 4-ാം ഉപവകുപ്പ്" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും മുമ്പായും "നിലവിലുള്ള നിരക്കുകളിൻമേൽ കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനവും, കൂടിയത് മുപ്പത്തഞ്ചു ശതമാനവും എന്ന തോതിൽ വർദ്ധനവ് വരുത്തി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 6-ാം ചട്ടത്തിൽ,—

(i) "തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ," "ചുമരിന്റെ നിർമ്മിതി," "കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) പട്ടിക 2-നുപകരം, താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്,

അതായത്:—

പട്ടിക 2

കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ്

ക്രമ നമ്പർ	വഴി സൗകര്യത്തിന്റെ തരം തിരിവ്	അടിസ്ഥാന വസ്തു നികുതിയിൽ വരുത്തുന്ന	
		ഇളവ് (ശതമാനം)	വർദ്ധനവ് (ശതമാനം)
(1)	(2)	(3)	(4)
1	അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗം	ഇല്ല	20
2	അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യം	ഇല്ല	ഇല്ല
3	ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം	10	ഇല്ല
4	പൊതുവഴി സൗകര്യം ഇല്ലാത്തത്	20	ഇല്ല

കുറിപ്പ് : 1. ഒരു കെട്ടിടത്തിന്റെ മുന്നിലും വശത്തുമായി രണ്ടുതരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്നുമാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴിസൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്.

2. ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ, ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്.

(iii) പട്ടിക 3-ഉം അതിൻകീഴിലുള്ള കുറിപ്പും വിട്ടുകളയേണ്ടതാണ്;

(iv) പട്ടിക 5-ൽ,

(എ) ക്രമനമ്പർ 2-നു നേരെ കോളം 2-ൽ "ഇരുപത്തിയഞ്ചു വർഷംവരെ" എന്നീ വാക്കുകൾക്കുപകരം "ഇരുപത്തിയഞ്ചു വർഷത്തിന് താഴെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ക്രമനമ്പർ 3-നു നേരെ കോളം (2)-ൽ "അമ്പതു വർഷം വരെ" എന്നീ വാക്കുകൾക്കുപകരം "അമ്പതു വർഷത്തിന് താഴെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) ക്രമനമ്പർ 4-നു നേരെ കോളം (2)-ൽ "അമ്പതു വർഷത്തിന് മേൽ" എന്നീ വാക്കുകൾക്കുപകരം "അമ്പതു വർഷമോ അതിൽ കൂടുതലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(v) പട്ടിക 6-ൽ ക്രമനമ്പർ 1-നു നേരെ കോളം (2)-ൽ "മാർബിൾ"എന്ന വാക്കിനു മുമ്പായി "ഇറ്റാലിയൻ"എന്ന വാക്ക് ചേർക്കേണ്ടതും "ഗ്രാനൈറ്റ്"എന്ന വാക്കിനുശേഷമുള്ള "വിട്രിഫൈഡ്/ഗ്ലേസ്ഡ് ടൈൽ"എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "തറ"എന്ന വാക്കിനു മുമ്പായി "ഇരുന്നൂറ്റി അൻപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ് ;

(vi) പട്ടിക 7 വിട്ടുകളയേണ്ടതാണ്;

(vii) പട്ടിക 8-ൽ ക്രമനമ്പറുകൾ 1-നും 2-നും നേരെ കോളം (2)-ൽ "എയർ കണ്ടീഷനിംഗ്"എന്നീ വാക്കുകൾക്കു മുമ്പായി "സെൻട്രലൈസ്ഡ് (കേന്ദ്രീകൃത)"എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(viii) പട്ടിക 9 വിട്ടുകളയേണ്ടതാണ്.

(3) 8-ാം ചട്ടത്തിത്തിനുപകരം, താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്,

"8. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ. (1) ഓരോ ഗ്രാമപഞ്ചായത്തിനും, 6-ാം ചട്ടത്തിന്റെ ആവശ്യത്തിലേക്കായി, ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്തുള്ളതോ ഗ്രാമപഞ്ചായത്തു പ്രദേശത്തുകൂടി കടന്നു പോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും, അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, അഞ്ചുമീറ്ററിൽ കുറവും എന്നാൽ ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ/നടപ്പാതകൾ, ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ തരം തിരിക്കേണ്ടതും ആ വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി സെക്രട്ടറി, ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

(2) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് കാലാകാലങ്ങളിൽ (1)-ാം ഉപചട്ടപ്രകാരം ഗ്രാമപഞ്ചായത്ത് പുനർ നിർണ്ണയിക്കേണ്ടതാണ്:

എന്നാൽ, വസ്തു നികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന ഒരു കാലയളവിൽ ആ കാലയളവിലേക്ക് ബാധകമാക്കിക്കൊണ്ട് വഴി സൗകര്യത്തിന്റെ തരം തിരിവ് ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കുവാൻ പാടുള്ളതല്ല."

(4) 9-ാം ചട്ടത്തിൽ,

(i) (1)-ാം ഉപചട്ടത്തിൽ "തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ," "ചുമരിന്റെ നിർമ്മിതി," "കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (2)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "തറയുടെ നിർമ്മിതി" എന്നീ വാക്കുകൾക്കുശേഷവും "എന്നീ ഘടകങ്ങളിൽ ഏതെങ്കിലും" എന്നീ വാക്കുകൾക്ക് മുൻപുള്ള "ചുമരിന്റെ നിർമ്മിതി" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(iii) (3)-ാം ഉപചട്ടത്തിൽ, "അടിസ്ഥാന വസ്തു നികുതി നിരക്കുകളും" എന്നീ വാക്കുകൾക്ക് ശേഷവും "പുതുക്കി നിശ്ചയിക്കപ്പെടുമ്പോൾ" എന്നീ വാക്കുകൾക്ക് മുമ്പായും "4-ാം ചട്ടത്തിലെ 5-ാം ഉപചട്ട പ്രകാരം" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(iv) (4)-ാം ഉപചട്ടത്തിനും ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെ പറയുന്ന ഉപചട്ടങ്ങളും ക്ലിപ്ത നിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:

"(4എ) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് ഇരുപത്തഞ്ചു ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ്.

(4ബി) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയുടെ അറുപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിയ്ക്കു വിധേയമായി പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കേണ്ടതുമാണ്.

(4സി) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ്.

(4ഡി) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തു നികുതിയുടെ നൂറ്റിയമ്പത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിയ്ക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിശ്ചയിക്കേണ്ടതുമാണ്:

എന്നാൽ, ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തു നികുതി നിർണ്ണയത്തിനോ, പുനർ നിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിചേർക്കലോ, ഘടനാപരമായ മെച്ചപ്പെടുത്തലുകളോ, ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ ഉപചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പരിധികൾ ബാധകമാകുന്നതല്ല.

(v) (5)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(5) വാണിജ്യാവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ, ആദ്യമായി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ, ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 5 ശതമാനം, രണ്ടാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 10 ശതമാനം, മൂന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 15 ശതമാനം, നാലാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 20 ശതമാനം, അഞ്ചാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 25 ശതമാനം, ആറാം നിലമുതൽ മുകളിലോട്ട് ഓരോ നിലയ്ക്കും കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 25 ശതമാനം എന്ന തോതിൽ വാർഷിക വസ്തു നികുതിയിൽ ഇളവ് അനുവദിക്കേണ്ടതാണ്."

(5) 10-ാം ചട്ടത്തിൽ, (2)-ാം ഉപചട്ടത്തിൽ "നോട്ടീസ് പ്രസിദ്ധീകരിച്ച്" എന്നീ വാക്കുകൾക്കുശേഷമുള്ള "അറുപത്" എന്ന വാക്കിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(6) 11-ാം ചട്ടത്തിലെ (3), (5), (6), (7), (8) എന്നീചട്ടങ്ങൾ വിട്ടുകളയേണ്ടതാണ്.

(7) 12-ാം ചട്ടത്തിൽ,

(i) (1)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(1) കെട്ടിട ഉടമ 11-ാം ചട്ടം, (1)-ാം ഉപചട്ടപ്രകാരം വസ്തു നികുതിനിർണ്ണയം സമർപ്പിക്കുന്ന സംഗതിയിൽ, 12-ാം ചട്ടം (4)-ാം ഉപചട്ടം അനുസരിച്ചും, നിർണ്ണയം സമർപ്പിക്കാത്ത സംഗതിയിൽ, 12-ാം ചട്ടം (6)-ാം ഉപചട്ടം അനുസരിച്ചും, കെട്ടിടത്തിന്റെ വസ്തു നികുതി 5-ഉം 6-ഉം 9-ഉം ചട്ടങ്ങളിൽ ഉള്ള വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കേണ്ടതും, കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളും വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങളും ഈ ചട്ടങ്ങൾക്കനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 4-ൽ ഉള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ രജിസ്റ്റർ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ളതും, കെട്ടിട നമ്പർ മുൻകൂട്ടി രേഖപ്പെടുത്തിയതുമായിരിക്കേണ്ടതുമാണ്. അപ്രകാരം വസ്തു നികുതി നിർണ്ണയിക്കപ്പെട്ട വിവരം ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-5-ൽ കെട്ടിട ഉടമയെ അറിയിക്കേണ്ടതുമാണ്."

(ii) 2-ാം ഉപവകുപ്പും 3-ാം ഉപവകുപ്പും വിട്ടുകളയേണ്ടതാണ്.

(iii) (4)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പം ചേർക്കേണ്ടതാണ്, അതായത്:-

"(4) കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറു മാസത്തിനകം സ്വയത്ത് പോയി ഫാറം 6-ൽ ശേഖരിക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്."

(iv) (5)-ാം ഉപവകുപ്പം വിട്ടുകളയേണ്ടതാണ്.

(v) (6)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പം ചേർക്കേണ്ടതാണ്, അതായത്:-

"(6) കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ അനുവദിക്കപ്പെട്ട സമയത്തിനകം സമർപ്പിക്കാതിരുന്നാൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 6 മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്വയത്ത് പോയി, ഫാറം 6-ൽ ശേഖരിച്ച് നൽകുന്നതനുസരിച്ച് സെക്രട്ടറി ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരം നികുതി നിർണ്ണയിക്കപ്പെട്ട വിവരം ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 7-ൽ കെട്ടിട ഉടമയെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്വയത്തു പോയി ശേഖരിച്ചതിന്റെ ചാർജ്ജായി കെട്ടിട ഉടമയിൽ നിന്ന് 50 രൂപയിൽ അധികരിക്കാത്ത തുക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കാവുന്നതും, ഇതിലേക്കുള്ള അറിയിപ്പ് ഫാറം 7-ൽ നൽകേണ്ടതുമാണ്."

(8) 16-ാം ചട്ടം, (1)-ാം ഉപചട്ടത്തിൽ, "12-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരമോ (6)-ാം ഉപചട്ടപ്രകാരമോ സെക്രട്ടറി ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയോ അല്ലെങ്കിൽ 12-ാം ചട്ടം, (4)-ാം ഉപചട്ടപ്രകാരം താൽക്കാലിക വസ്തുനികുതി നിർണ്ണയം സെക്രട്ടറി ഭേദഗതി ചെയ്യുകയോ ചെയ്താൽ " എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം താഴെ പറയുന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്, അതായത്:-

"12-ാം ചട്ടം, (4)-ാം ഉപചട്ടമോ (6)-ാം ഉപചട്ടമോ പ്രകാരം സെക്രട്ടറി ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ "

(9) പട്ടങ്ങളോടനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങൾ 1, 2, 4, 5, 6, 7 എന്നിവയ്ക്കുപകരം ഇതോടൊപ്പമുള്ള ഫാറങ്ങൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി. എസ്. സെന്തിൽ,

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2009-ലെ 31-ാം ആക്റ്റ്) അനുസരിച്ച് വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതും പിരിച്ചെടുക്കുന്നതും സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203-ാം വകുപ്പിൽ വിപുലമായ ഭേദഗതികൾ വരുത്തുകയും, അതിനനുസൃതമായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) പട്ടങ്ങൾ 2011 ജനുവരി 14-ാം തീയതിയിലെ 82-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 37/11 എന്ന നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് നിരവധി പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ, കെട്ടിട ഉടമ റവന്യൂ ചെയ്യുന്ന റിട്ടേണിലെ അതിസങ്കീർണ്ണമായ സവിതിവിവരങ്ങൾ നൽകുന്നതിൽ നിന്നും അവരെ ഒഴിവാക്കാനും, റവന്യൂ ചെയ്യാത്തതിനും, തെറ്റായി റവന്യൂ ചെയ്യുന്നതിനും, കാലതാമസത്തിനുമുള്ള പിഴകൾ ഒഴിവാക്കാനും, വസ്തുനികുതി തിട്ടപ്പെടുത്തുന്നതിനും ഡിമാന്റ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്ന അധികാരം പുനഃസ്ഥാപിക്കാനും, നിയമാനുസൃതം തിട്ടപ്പെടുത്തുന്ന നികുതി തുകയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വമേധയാ വർദ്ധനവോ, ഇളവുകളോ വരുത്തുന്നതിനുള്ള അധികാരം പരിമിതപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിക്കുകയും ബന്ധപ്പെട്ട ആക്റ്റിൽ അതിനായുള്ള ഭേദഗതികൾ, 2012 നവംബർ 25-ാം തീയതിയിലെ 1261-ാം നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്തതും 2012-ലെ 62-ാം നമ്പർ ഓർഡിനൻസായി കേരള ഗവർണ്ണർ വിളംബരം ചെയ്തതുമായ 2012-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് മുഖേന വരുത്തുകയും ചെയ്തു. അതിനനുസരിച്ച് പട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ വിഷയം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ഫാറം 1

[ചട്ടം 10 (3) കാണുക]

.....ഗ്രാമപഞ്ചായത്ത്

നമ്പർ തീയതി.....

വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതു നോട്ടീസ്

.....മുതൽ പ്രാബല്യത്തിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതിയുടെ നിർണ്ണയം/പുനർനിർണ്ണയം നടത്തേണ്ട ആവശ്യത്തിലേക്കായി ഓരോ ഇനം കെട്ടിടത്തിനും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകളും, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലകളായി തരം തിരിച്ചതിന്റെ വിവരങ്ങളും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ റോഡുകൾ തരംതിരിച്ചതിന്റെ വിവരങ്ങളും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം യഥാക്രമം.....എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 4 (2) പ്രകാരം, ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ അതത് ഇനം കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക (അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ചത്), ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായിരിക്കുന്നതും അതിന്മേൽ ചട്ടം 6 നു കീഴിലുള്ള പട്ടികകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഇളവുകളും വർദ്ധനവുകളും വരുത്തിയ പ്രകാരമുള്ള തുക (പൂർണ്ണ സംഖ്യയിൽ) കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതിയായിരിക്കുന്നതുമാണ്. എല്ലാ ഇനങ്ങളിലുമായി അടിസ്ഥാന വസ്തു നികുതിയുടെ 75 ശതമാനത്തിൽ അധികം ഇളവ് അനുവദനീയമല്ല. കൂടാതെ, പാർപ്പിടാവശ്യത്തിനുള്ളതും, വാണിജ്യാവശ്യത്തിനുള്ളതുമായ നിലവിലുള്ള കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി നിശ്ചയിക്കുമ്പോൾ വസ്തു നികുതിയുടെ യഥാക്രമം 60 ശതമാനത്തിലും 150 ശതമാനത്തിലും അധിക വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് യഥാക്രമം 60 ശതമാനവും, 150 ശതമാനവുമായി പരിമിതപ്പെടുത്താവുന്നതുമാണ്. കൂടാതെ പാർപ്പിടാവശ്യത്തിനുള്ളതോ, വാണിജ്യാവശ്യത്തിനുള്ളതോ ആയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തു നികുതി നിർണ്ണയം മൂലം നിലവിലുള്ള വാർഷിക വസ്തുനികുതിയിൽ ഏറ്റവും കുറഞ്ഞത് 75 ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതുമാണ്. എന്നാൽ ഏറ്റവും ഒടുവിൽ നടത്തിയ വസ്തുനികുതി നിർണ്ണയത്തിനോ പുനർനിർണ്ണയത്തിനോശേഷം കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലോ ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. വാണിജ്യാവശ്യത്തിനോ ആഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ബഹു നില കെട്ടിടങ്ങളുടെ കാര്യത്തിൽ, ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിശ്ചയിക്കുമ്പോൾ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 5%, രണ്ടാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 10%, മൂന്നാംനിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 15%, നാലാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 20%, അഞ്ചാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 25% ആറാം നില മുതൽ മുകളിലേക്ക് ഓരോ നിലയ്ക്കും കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 25% എന്ന തോതിൽ വാർഷിക വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നതാണ്.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കെട്ടിട ഉടമകളും തങ്ങളുടെ ഉടമസ്ഥയിലുള്ള കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സ്വയം നിർണ്ണയിച്ച് മേൽപ്പറഞ്ഞ ചട്ടങ്ങൾ പ്രകാരമുള്ള ഫാറം 2 ൽ, വസ്തു നികുതി റിട്ടേൺ, ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം, അതായത് .....തീയതിക്ക

കം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. വസ്തുനികുതി റിട്ടേണിന്റെ ഫാറം പ്രസ്തുത ആഫീസിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്. റിട്ടേൺ പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഫാറത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ 30 ച.മീറ്ററിന് താഴെ വരെ തറവിസ്തീർണ്ണമുള്ള, സ്വന്തം താമസത്തിനുള്ള വാസഗൃഹങ്ങളുടെ കാര്യത്തിൽ വസ്തുനികുതി ഒഴിവിന് അർഹതയുണ്ടായിരിക്കുന്നതും കെട്ടിട ഉടമകൾ ഫാറം 2 എ യിലുള്ള വസ്തു നികുതി റിട്ടേൺ മേൽപ്പറഞ്ഞ സമയ പരിധിക്കകം സമർപ്പിക്കേണ്ടതുമാണ്.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളും കാണേണ്ടതാണ്.

സെക്രട്ടറി

വർഷം.....

ഫാറം 2

[ചട്ടം 11 (2) കാണുക]

.....ഗ്രാമപഞ്ചായത്ത്

കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി നിർണ്ണയ റിട്ടേൺ

(പൂരിപ്പിക്കുന്നതിനുമുമ്പായി ഫാറത്തോടൊപ്പമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വായിക്കുക)

		നിലവിലുള്ളത്	മുമ്പുണ്ടായിരുന്നത്
1.	വാർഡ് നമ്പർ		
2.	വാർഡിന്റെ പേര്		
3.	കെട്ടിട നമ്പർ		

4. അവസാനമായി നികുതി അടച്ചതിന്റെ വിശദവിവരം

ഏത് വർഷത്തേക്ക്	രസീത് നമ്പർ	തീയതി	തുക

5. കെട്ടിട ഉടമയുടെ പേരും മേൽവിലാസവും

പേര്
വീട്ടുപേര്
സ്ഥലപ്പേര്
പോസ്റ്റ് ആഫീസ് (പിൻകോഡ് സഹിതം)
സർവ്വേ നമ്പരും വില്ലേജും
ടെലഫോൺ/മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ)
ഈ-മെയിൽ (e-mail)
മേൽവിലാസം (ഉണ്ടെങ്കിൽ)

6. കെട്ടിടം വാടകയ്ക്കോ പാട്ടത്തിനോ മറ്റോ നൽകിയിട്ടുണ്ടങ്കിൽ താമസക്കാരന്റെ/കൈവശക്കാരന്റെ പേരും മേൽവിലാസവും

പേര്
വീട്ടുപേര്
സ്ഥലപ്പേര്
പോസ്റ്റ് ആഫീസ് (പിൻകോഡ് സഹിതം)
സർവ്വേ നമ്പരും വില്ലേജും
ടെലഫോൺ/മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ)
ഈ-മെയിൽ (e-mail) മേൽവിലാസം (ഉണ്ടെങ്കിൽ)

7. കെട്ടിടത്തിൽ ഏതെങ്കിലും സ്ഥാപനം നടത്തുന്നുവെങ്കിൽ അതിനു ചുമതലപ്പെട്ട വ്യക്തിയുടെ പേരും മേൽവിലാസവും

സ്ഥാപനത്തിന്റെ പേര്
ചുമതലക്കാരന്റെ പേര്
ഉദ്യോഗപ്പേര് സ്ഥാപനം എന്നുമുതൽ പ്രവർത്തിച്ചുവരുന്നു
പോസ്റ്റ് ആഫീസ് (പിൻകോഡ് സഹിതം)
സർവ്വേ നമ്പരും വില്ലേജും
ടെലഫോൺ/മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ)
ഈ-മെയിൽ (e-mail) മേൽവിലാസം (ഉണ്ടെങ്കിൽ)

8.

കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല (ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത പ്രകാരം ഉള്ളത്) (ബാധകമായത് √ ചെയ്യുക)	പ്രാഥമികം	ദ്വിതീയം	തൃതീയം

9. (എ) കെട്ടിടം സ്ഥിതി ചെയ്യുന്ന/കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര്.....
.....

(ബി) റോഡിന്റെ തരം (ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത പ്രകാരമുള്ളത്) (ബാധകമായത് √ ചെയ്യുക)

അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം	
അഞ്ചു മീറ്ററിൽ കുറവോ ഒന്നര മീറ്ററിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം	
ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതയിൽ നിന്നും പ്രവേശന മാർഗ്ഗം	
പൊതുവഴി സൗകര്യം ഇല്ലാത്തത്	

10. (എ) കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീറ്ററിൽ) (ചട്ടം 3)

സെല്ലാർ.....(ച.മീ) മൂന്നാം നില.....(ച.മീ)

താഴത്തെ നില .....(ച.മീ) നാലാം നില .....(ച.മീ)

ഒന്നാം നില ..... (ച.മീ അഞ്ചാം നില .....(ച.മീ)

രണ്ടാം നില..... (ച.മീ) ആറാം നില .....(ച.മീ)

ആകെ ..... ച.മീ

(ബി) കെട്ടിടത്തിന്റെ ഒരു ഭാഗം/നില മാത്രമാണെങ്കിൽ തറ വിസ്തീർണ്ണം .....ച.മീ

11. കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം (ചട്ടം 6) ബാധകമായത് √ ചെയ്യുക)

കോൺക്രീറ്റ് മേൽക്കൂര കുറഞ്ഞതരം മേൽക്കൂര	മുഴുവൻ		ഭാഗികമെങ്കിൽ.....ശതമാനം
(ഓട്, ഷീറ്റ്, ഓല, പുല്ല്)	മുഴുവൻ		ഭാഗികമെങ്കിൽ.....ശതമാനം

12. (എ) കെട്ടിടത്തിന്റെ കാലപ്പഴക്കം.....വർഷം

(ബി) കെട്ടിടത്തിന്റെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് (ചട്ടം 6) (ബാധകമായത് √ ചെയ്യുക)

10 വർഷത്തിൽ താഴെ		10 വർഷം മുതൽ 25 വർഷത്തിന് താഴെ	
25 വർഷം മുതൽ 50 വർഷത്തിന് താഴെ		50 വർഷത്തിന് മുകളിൽ	

13. കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരം (ചട്ടം 6) ബാധകമായത √ ചെയ്യുക

(1)	മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/മറ്റു വിലയേറിയ വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള തറ	250 ച.മീറ്ററിൽ അധികം വിസ്തീർണ്ണം	
		250 ച.മീറ്ററോ അതിൽ താഴെയോ വിസ്തീർണ്ണം	
(2)	മൊസൈക്ക്/തറയോട്/സിമെന്റ്/റെഡ് ഓക്സൈഡ്/മറ്റേതെങ്കിലും സാധാരണ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള സാധാരണ തറ	അതെ/അല്ല	

14. കെട്ടിടത്തിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടോ

ഉണ്ട്		ഇല്ല	

15. കെട്ടിടത്തിന്റെ ഉപയോഗക്രമം (ചട്ടം 4) (ബാധകമായത് √ ചെയ്യുക)

പാർപ്പിടാവശ്യം		അമ്യൂസ്മെന്റ് പാർക്ക്	
വാണിജ്യാവശ്യം		റിസോർട്ട്/ സ്റ്റാർ ഹോട്ടൽ/ മസാജ് പാർലർ	
ആശുപത്രി		മൊബൈൽ ഫോൺ ടവർ	
വ്യാവസായികാവശ്യം		വിദ്യാഭ്യാസ ആവശ്യം	
മറ്റേതെങ്കിലും ആവശ്യം (ഉദാ. ആഫീസ്, ആഡിറ്റോറിയം, ലോഡ്ജ്, കല്യാണമണ്ഡപം, കൺവെൻഷൻ സെന്റർ തുടങ്ങിയവ)		..... .	

കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണം .....

.....

16. കെട്ടിട ഉടമയുടെ ഉടമസ്ഥതയിൽ മറ്റു കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടെ വിവരം

ക്രമനമ്പർ	വാർഡ് നമ്പർ	കെട്ടിട നമ്പർ

സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യമാകുന്നു. അന്വേഷണത്തിൽ ഏതെങ്കിലും വിവരം വാസ്തവ വിരുദ്ധമാണെന്നോ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നോ തെളിയുന്നപക്ഷം നിയമപ്രകാരമുള്ള ഏതൊരു നടപടിക്കും ഞാൻ വിധേയനായിരിക്കുന്നതാണ്.

സ്ഥലം..... കെട്ടിട ഉടമയുടെ ഒപ്പ്.....

തീയതി.....

പേര്.....

ആഫീസ് ഉപയോഗത്തിന് മാത്രം

(കെട്ടിട ഉടമ പൂരിപ്പിക്കേണ്ടതില്ല)

17. കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് (ഒരു ച. മീറ്ററിന്) രൂപ.....) (ചട്ടം 4)

18. കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി (ചട്ടം 5)
(തറ വിസ്തീർണ്ണം x നികുതി നിരക്ക്) ..... രൂപ)

19. അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവുകൾ (ചട്ടം 6) (ബാധകമായത് എഴുതുക)

(എ)	മേഖലകളുടെ അടിസ്ഥാനത്തിൽ (പ്രഥമം=ഇല്ല; ദ്വിതീയം= 10%; തൃതീയം=20%;)	
(ബി)	വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ (i) ഒന്നര മീറ്ററിൽ കൂടുതൽ- ഇല്ല (ii) ഒന്നര മീറ്ററോ അതിൽ കുറവോ - 10% (iii) വഴിസൗകര്യം ഇല്ലാത്തത് - 20%	
(സി)	മേൽക്കൂരയുടെ അടിസ്ഥാനത്തിൽ (കോൺക്രീറ്റ് മേൽക്കൂര ഇല്ല; കുറഞ്ഞതരം മേൽക്കൂര-10%)	
(ഡി)	കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ (10 വർഷത്തിനു താഴെ - ഇല്ല; 10 മുതൽ 25 വർഷത്തിനു താഴെ - 10%; 25 വർഷം മുതൽ 50 വർഷത്തിനുതാഴെ-20%; 50 വർഷമോ അതിൽ കൂടുതലോ-50%)	
(ഇ)	ആകെ ഇളവ് ശതമാനത്തിൽ (പരമാവധി 75%)	
(എഫ്)	ആകെ ഇളവ് തുക $\frac{\text{അടിസ്ഥാന വസ്തു നികുതി} \times \text{ഇളവ്}}{100}$	.....

20. അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധന (ചട്ടം 6) (ബാധകമായത് എഴുതുക)

(എ)	വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി-20%	
(ബി)	തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ, - മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ/ഗ്രാനൈറ്റ്/മറ്റു വിലകൂടിയ വസ്തുക്കൾകൊണ്ട് നിർമ്മിച്ചിട്ടുള്ളതും 250 ച. മീറ്ററിൽ അധികവിസ്തീർണ്ണമുള്ളതുമായ തറ 15% സാധാരണ തറ- ഇല്ല	
(സി)	കെട്ടിടത്തിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം- (I) ഉണ്ടെങ്കിൽ-10%; (II) ഇല്ലെങ്കിൽ - ഇല്ല	
(ഡി)	ആകെ വർദ്ധന ശതമാനത്തിൽ ആകെ വർദ്ധന തുകയിൽ $\frac{\text{അടിസ്ഥാന വസ്തു നികുതി} \times \text{നികുതി വർദ്ധന}}{100}$	.....

21. കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി തുക (ചട്ടം 9)= (അടിസ്ഥാന വസ്തു നികുതി -ഇളവ്)+വർദ്ധന

22. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമാണെങ്കിൽ വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി (ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലുകളോ ഉപയോഗക്രമത്തിൽ മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മാത്രം പൂരിപ്പിക്കുക) (ചട്ടം 9)

(എ)	നിലവിലുള്ള വാർഷിക വസ്തുനികുതി തുക	.....
(ബി)	വാർഷിക വസ്തുനികുതി തുകയിൽ വർദ്ധനവ് ഉണ്ടെങ്കിൽ (വാർഷിക വസ്തുനികുതി തുക - നിലവിലുള്ള വാർഷിക നികുതി)	.....
(സി)	വർദ്ധനവിന്റെ ശതമാനം = $\frac{22 \text{ ബി} \times 100}{22 \text{ എ}}$	.....%
(ഡി)	വർദ്ധന 60% ൽ അധികമാണെങ്കിൽ അത് 60% ആയി പരിമിതപ്പെടുത്തിയ പ്രകാരം $\frac{22 \text{ എ} \times 160}{100}$	.....
(ഇ)	വർദ്ധനവ് ഇല്ലാതിരിക്കുകയോ 25 ശതമാനത്തിൽ താഴെയോ ആണെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തു നികുതിയേക്കാൾ 25% വർദ്ധിപ്പിച്ച പ്രകാരമുള്ള നികുതി = $\frac{22 \text{ എ} \times 125}{100}$	.....

23 വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണെങ്കിൽ വസ്തു നികുതിയുടെ വർദ്ധനവിനുള്ള പരിമിതി (ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലുകളോ ഉപയോഗക്രമത്തിൽ മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മാത്രം പൂരിപ്പിക്കുക) (ചട്ടം 9)

(എ)	നിലവിലുള്ള വാർഷിക വസ്തുനികുതി തുക	.....
(ബി)	വാർഷിക വസ്തുനികുതി തുകയിൽ വർദ്ധനവ് ഉണ്ടെങ്കിൽ (വാർഷികവസ്തു നികുതി - നിലവിലുള്ള വാർഷിക നികുതി)	.....
(സി)	വർദ്ധനവിന്റെ ശതമാനം = $\frac{23 \text{ ബി} \times 100}{23 \text{ എ}}$	.....%
(ഡി)	വർദ്ധന 150%-ൽ അധികമാണെങ്കിൽ അത് 150% ആയി പരിമിതപ്പെടുത്തിയ പ്രകാരം $23 \text{ എ} \times \frac{250}{100}$	.....
(ഇ)	വർദ്ധനവ് ഇല്ലാതിരിക്കുകയോ 25 ശതമാനത്തിൽ താഴെയോ ആണെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തു നികുതിയേക്കാൾ 25% വർദ്ധിപ്പിച്ച പ്രകാരമുള്ള നികുതി = $\frac{23 \text{ എ} \times 125}{100}$	.....

കുറിപ്പ് : ക്രമനമ്പർ 22/23 ബാധകമല്ലാത്ത പക്ഷം (ക്രമനമ്പർ 21-നു നേരെ രേഖപ്പെടുത്തിയത് തന്നെയായിരിക്കും വാർഷിക വസ്തുനികുതി തുക

24. വാണിജ്യാവശ്യത്തിനോ ആഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ബഹുനില കെട്ടിടമാണെങ്കിൽ വസ്തു നികുതിയിൽ അനുവദനീയമായ പ്രത്യേക ഇളവ് (ചട്ടം 9)

(എ)	സെല്ലാർ-ഇളവില്ലാതെ ക്രമനമ്പർ 21 പ്രകാരം നികുതി	.....
(ബി) (സി)	ഭൂനിരപ്പിലുള്ള നില - ക്രമനമ്പർ 21 പ്രകാരം നികുതി ഒന്നാമത്തെ നില 5% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 95 / 100	.....
(ഡി)	രണ്ടാമത്തെ നില 10% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 90 / 100	.....
(ഇ)	മൂന്നാമത്തെ നില 15% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 85 / 100	.....
(എഫ്)	നാലാമത്തെ നില 20% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 80 / 100	.....
(ജി)	അഞ്ചാമത്തെ നില 25% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 75 / 100	.....
(എച്ച്)	ആറാമത്തെ നില 25% ഇളവിനുശേഷമുള്ള നികുതി ക്രമനമ്പർ 21 പ്രകാരമുള്ള നികുതി തുക X 75 / 100	.....
	ആകെ	.....

25. വസ്തുനികുതി നിർണ്ണയ വിവരങ്ങൾ

(1) കെട്ടിട നമ്പർ :

(2) റിട്ടേൺ ചുമത്തിയ വാർഷിക വസ്തു നികുതി തുക :

(3) സേവന ഉപനികുതി തുക :

(4) വസ്തു നികുതിയിന്മേൽ സർചാർജ്ജ് :

(5) ഗ്രന്ഥശാല വരി :

(6) നികുതി പ്രാബല്യത്തിൽ വന്ന തീയതി :

(7) വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം :

(8) റിട്ടേൺ പരിശോധന നടത്തി നികുതി നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ പേരും ഒപ്പും :

(9) സൂക്ഷ്മ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും :

(10) സെക്രട്ടറിയുടെ പേരും ഒപ്പും :

(11) ഉദ്യോഗസ്ഥൻ കെട്ടിട പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും അതിൻപ്രകാരം കണക്കാക്കിയ നികുതി വിവരങ്ങളും പേരും ഒപ്പും. :

.....ഗ്രാമപഞ്ചായത്ത്

കൈപ്പറ്റ് രസീത്

നമ്പർ.....

.....മുതൽ പ്രാബല്യത്തിൽ വരുന്ന വസ്തു നികുതി നിർണ്ണയത്തിന്റെ/പുനർനിർണ്ണയത്തിന്റെ ആവശ്യത്തിലേക്കായി.....നമ്പർ കെട്ടിടത്തെ സംബന്ധിച്ച് കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള വസ്തു നികുതി നിർണ്ണയ റിട്ടേൺ കൈപ്പറ്റിയിരിക്കുന്നു.

തീയതി.....

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര് .....

(ആഫീസ് സീൽ) ഒപ്പ് ..... .

വസ്തു നികുതി , റിട്ടേൺ പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. കെട്ടിട നമ്പർ നൽകപ്പെട്ടിട്ടുള്ള ഓരോ കെട്ടിടത്തിനും വെവ്വേറെ റിട്ടേൺ നൽകേണ്ടതാണ്. റിട്ടേൺ നിശ്ചിത തീയതിക്കകം സമർപ്പിക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. കെട്ടിട ഉടമയോ അയാളുടെ അഭാവത്തിൽ ഇതിലേക്കായി അധികാരപ്പെടുത്തിയ ആളോ റിട്ടേൺ നൽകേണ്ടതാണ്. കമ്പനി, പങ്കാളിത്ത സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ റിട്ടേൺ സമർപ്പിക്കുന്ന ആൾ ഇതിലേക്കായി അധികാരപ്പെട്ട ആളാണെന്ന് തെളിയിക്കുന്ന രേഖ റിട്ടേണിനൊപ്പം ഹാജരാക്കേണ്ടതാണ്. ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രേഖകൾ റിട്ടേണിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

2. ഒരേ പുരയിടത്തിൽ ഒന്നിലധികം കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നപക്ഷം, അവ അന്യോന്യം ബന്ധപ്പെടുത്തി നിർമ്മിച്ചിട്ടുള്ളവയല്ലായെങ്കിൽ, വസ്തുനികുതി ചുമത്തേണ്ട ആവശ്യത്തിലേക്കായി അവയെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കേണ്ടതാണ്. എന്നാൽ ഒരു കെട്ടിടത്തിൽ നിന്ന് വേറിട്ടതെങ്കിലും അതിന്റെ ഒരു അനുബന്ധകെട്ടിടമായി അതേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന കക്കൂസ്, വിറകുപുര, കാലിത്തൊഴുത്ത്, വളർത്തുമൃഗങ്ങൾക്കോ വളർത്തുപക്ഷികൾക്കോ ഉള്ള കൂട്, കാർ ഷെഡ്, പമ്പ് ഹൗസ് അഥവാ അതുപോലെയുള്ള ഒരു അനുബന്ധ കെട്ടിടത്തെ പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതില്ലാത്തതും അതിന്റെ തറ വിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ലാത്തതുമാകുന്നു. ഒരു കെട്ടിടത്തോടനുബന്ധിച്ച് സ്വിമ്മിംഗ് പൂൾ ഉണ്ടെങ്കിൽ, അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് (ചട്ടം 3)

3. ഉപയോഗ ക്രമത്തിനനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി, ഓരോ ഇനം കെട്ടിടത്തിനും അവയുടെ ഉപവിഭാഗങ്ങൾക്കും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ റിട്ടേണിലെ ക്രമനമ്പർ (17) പ്രകാരമായിരിക്കുന്നതാണ്.

4. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നതിൽ വീടുകൾ, അപ്പാർട്ട്മെന്റുകൾ, റസിഡൻഷ്യൽ ഫ്ളാറ്റുകൾ, ഹോസ്റ്റലുകൾ (ലോഡ്ജുകൾ ഒഴികെ) മുതലായവ ഉൾപ്പെടുന്നു. വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നാൽ ഏത് തരത്തിലുള്ള ഉൽപ്പന്നങ്ങൾ വസ്തുക്കൾ അഥവാ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ അതിനായി ശേഖരിക്കുകയോ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നതിനുള്ള കെട്ടിടങ്ങൾ എന്നർത്ഥമാകുന്നു. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നാൽ സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും വിൽപ്പനയ്ക്കായി സംഭരിച്ചു വയ്ക്കുന്നതിനുമുള്ള കെട്ടിടങ്ങൾ എന്നർത്ഥമാകുന്നു. ഇതിൽ ഭക്ഷണശാലകളും ആരാധനാലയങ്ങളോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും ഉൾപ്പെടുന്നു. മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നതിൽ ആഫീസുകൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം, കോൺഫറൻസ് ഹാൾ, വർക്ഷോപ്പ്, സർവ്വീസ് സ്റ്റേഷൻ, ലോഡ്ജുകൾ മുതലായവ ഉൾപ്പെടുന്നു. ഏതെങ്കിലും തൊഴിലുമായി ബന്ധപ്പെട്ടതും മറ്റ് വിഭാഗങ്ങളിൽ ഉൾപ്പെടുത്താനാവാത്തതുമായ കെട്ടിടങ്ങളെ മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ് (ചട്ടം 5)

5. ചട്ടങ്ങളിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭൂപ്രദേശം മുഴുവൻ പ്രഥമ മേഖലകൾ, ദ്വിതീയ മേഖലകൾ, തൃതീയ മേഖലകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുള്ളതാണ്. (ചട്ടം 7) ഇതിന്റെ വിവരങ്ങൾ റിട്ടേണിലെ ക്രമനമ്പർ 8 പ്രകാരമായിരിക്കുന്നതാണ്.

6. വസ്തുനികുതി നിർണ്ണയത്തിന്റെ ആവശ്യത്തിലേക്കായി മുനിസിപ്പൽ പ്രദേശത്തെ റോഡുകൾ കൗൺസിൽ തരംതിരിച്ചിട്ടുണ്ട് (ക്രമനമ്പർ 9 കാണുക)

7. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ അടിസ്ഥാന വസ്തു നിരക്കുകൊണ്ട് ഗുണിച്ചുകിട്ടുന്ന തുക (പൂർണ്ണ സംഖ്യയിൽ) കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതിയായിരിക്കുന്നതാണ്. (റിട്ടേണിലെ ക്രമനമ്പർ 18) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി (250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ളതും മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ളത്) കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫാറത്തിൽ കാണിച്ച പ്രകാരം അടിസ്ഥാനവസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും (ഇളവുകൾ പരമാവധി 75%) വരുത്തി വാർഷിക വസ്തു നികുതി കണക്കാക്കേണ്ടതാണ് (ക്രമനമ്പർ 19,20,21) ചട്ടം 6, (പട്ടികകൾ 1 മുതൽ 9 വരെ)

8. ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ, പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ, ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്.

9. ഒരു കെട്ടിടത്തിന്റെ കോൺക്രീറ്റ് മേൽക്കൂരയ്ക്ക് മുകളിൽ വെയിലും മഴയും തടയുന്നതിന് മറ്റൊരു താൽക്കാലിക മേൽക്കൂരയുള്ളതിന്റെ പേരിൽ ആ കെട്ടിടത്തെ കുറഞ്ഞതരം മേൽക്കൂരയുമുള്ള കെട്ടിടമായി കണക്കാക്കാവുന്നതല്ല. കോൺക്രീറ്റ് മേൽക്കൂരയ്ക്ക് മുകളിൽ കെട്ടിടത്തിന്റെ ശിൽപ്പഭംഗി വർദ്ധിപ്പിക്കാനായി മേച്ചിലോടോ അതുപോലുള്ള നിർമ്മാണ വസ്തുക്കളോ പതിപ്പിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് കൊണ്ടുള്ളതാണ് എന്ന് കണക്കാക്കേണ്ടതാണ്.

10. ഒരു കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിന് അതിന് കെട്ടിടനികുതി/വസ്തുനികുതി ഈടാക്കിത്തുടങ്ങിയ തീയതിയോ വിശ്വസനീയമായ മറ്റേതെങ്കിലും തെളിവിലോ ആധാരമാക്കാവുന്നതാണ്. കാലപ്പഴക്കം നിർണ്ണയിക്കാൻ തെളിവുകളൊന്നുമില്ലെങ്കിൽ കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള ഇളവ് അനുവദനീയമല്ല

11. മേൽക്കൂരയുടെ നിർമ്മിതിക്കും ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേ സമയം ബാധകമാകുന്ന സംഗതിയിൽ, അപ്രകാരമുള്ള ഏത് തരമാണോ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകം ആ തരത്തെ അടിസ്ഥാനമാക്കി അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് (ചട്ടം 9)

12. (i). പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോഴോ പുനർനിർണ്ണയിക്കുമ്പോഴോ അപ്രകാരം നികുതി നിർണ്ണയിക്കുന്നതിനോ പുനർ നിർണ്ണയിക്കുന്നതിനോ തൊട്ടുമുമ്പ് നിലവിലുള്ള വാർഷിക വസ്തു നികുതിയുടെ 60 ശതമാനത്തിൽ അധികരിക്കുന്നതല്ല. (ക്രമനമ്പർ 23), കൂടാതെ വാണിജ്യാവശ്യത്തിനുള്ള നിലവിലുള്ള കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി നിശ്ചയിക്കുമ്പോൾ വസ്തു നികുതിയുടെ 150 ശതമാനത്തിൽ അധികം വർദ്ധനവ് ഉണ്ടാകുന്നു എങ്കിൽ അപ്രകാരമുള്ള

വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തുന്നതാണ്. ഇതിനുപുറമെ പാർപ്പിടാവശ്യത്തിനുള്ളതോ, വാണിജ്യാവശ്യത്തിനുള്ളതോ ആയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തുനികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ വർദ്ധനവ് ഒന്നും ഉണ്ടാകുന്നില്ലെങ്കിൽ വാർഷിക വസ്തുനികുതിയിൽ ഏറ്റവും കുറഞ്ഞത് 25 ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ്. എന്നാൽ, ഒടുവിൽ നടത്തിയ വാർഷിക വസ്തുനികുതി നിർണ്ണയത്തിനോ പുനർനിർണ്ണയത്തിനോ ശേഷം, പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലോ ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ ഉപരിപരിധി ബാധകമാകുന്നതല്ല (ചട്ടം 9)

(ii). പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ വാർഷിക വസ്തു നികുതി വർദ്ധനവ് ഒന്നും ഉണ്ടാകുന്നില്ലെങ്കിലോ, വർദ്ധനവ് 25 ശതമാനത്തിൽ കുറവോ ആണ് വരുന്നതെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 25 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്.

(iii). വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയ സംഗതിയിൽ പരമാവധി വർദ്ധനവ് 200 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്

(iv). വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയത്തിൽ വർദ്ധനവ് ഒന്നും ഉണ്ടാകാത്ത സാഹചര്യത്തിലോ, വർദ്ധനവ് 25 ശതമാനത്തിൽ കുറവോ ആണ് വരുന്നതെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 25 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്

13. ഒരു കെട്ടിടത്തിന് നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തുനികുതി രണ്ട് തുല്യ അർദ്ധ വാർഷിക ഗഡുക്കളായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ടോ ഗ്രാമപഞ്ചായത്ത് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ മുഖേനയോ ഒടുക്കേണ്ടതാണ്. അപ്രകാരം ഒടുക്കുന്ന ഓരോ അർദ്ധ വർഷത്തെയും നികുതി ഒടുക്കിയതിന് രസീത് വാങ്ങേണ്ടതാണ് (ചട്ടം 15)

14. നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയതിനുശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ വസ്തുനികുതി ഗ്രാമപഞ്ചായത്തിൽ അടക്കാത്ത പക്ഷം ആയത് വസൂൽ ചെയ്യുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 210-ാം വകുപ്പിലും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 19-ാം ചട്ടത്തിലും 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, ജപ്തി അല്ലെങ്കിൽ പ്രോസിക്യൂഷൻ എന്നീ നിയമാനുസൃത വ്യവഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

15. കേരള പഞ്ചായത്ത് രാജ് ആക്ട് 207-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഉടമകൾ വസ്തു നികുതി നിർണ്ണയ റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ 30 ച.മീറ്ററിൽ താഴെ തറ വിസ്തീർണ്ണമുള്ളതുമായ വാസഗൃഹങ്ങളുടെ കാര്യത്തിൽ ഉടമകൾ ഫാറം '2എ' യിൽ റിട്ടേൺ സമർപ്പിക്കേണ്ടതാണ്.

16. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ എന്തെങ്കിലും സംശയം ഉൽഭവിക്കുന്നപക്ഷം സംശയ നിവാരണത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പ്രസക്ത വകുപ്പുകളും, 2011 കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും ഇതു സംബന്ധിച്ച് സർക്കാരും ഗ്രാമപഞ്ചായത്തും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളും കാണേണ്ടതാണ്.

ഫാറം 4
[ചട്ടം 12 (1) കാണുക]

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ 20..... മുതൽ 20..... – 20..... 20.....

പ്രമേയത്തിന്റെ.....

വാർഡ് നമ്പർ.....

